ണ്യാഃ ചൎമ്മാദ്യം ഏണത്തിന്റെ ചൎമ്മത്തുടങ്ങിയുള്ളത ഏണസ്യ ഐ
ണം ഉഭെ ത്രിഷു കലയുടെ തൊലിതുടങ്ങിയുള്ളത കദളീ കന്ദളീ ചീ
നഃ ചമൂരുഃ പ്രിയകഃ അപി സമൂരുഃ ച ഇതി ഹരിണാഃ അമീ അജിന
യൊനയഃ കദള്യാദി ൬-ം മൃഗഭെദങ്ങൾ. ചിത്രവൎണ്ണങ്ങളായും മൃദുത്വ
ങ്ങളായുമിരിപ്പു ഇവ കൃഷ്ണസാരഃ രുരുഃ ന്യങ്കുഃ രങ്കുഃ ശംബരഃ രൊഹി
ഷഃ കൃഷ്ണസാരം കറുത്തമാൻ രുരുഃ പെരുമാനിൽ ചുവന്നത ന്യങ്കുഃ
കട്ടമാൻ രങ്കു പിടമാൻ ശംബരം കുറൾമാൻ രൊഹിഷം വരിമാൻ
ഗൊകൎണ്ണ പൃഷത ഏണൎശ്യ രൊഹിതാ ചമരൊ മൃഗാഃ ഗൊകൎണ്ണം പെരു
ച്ചെവിമാൻ പൃഷതം ഉഴൽമാൻ ഏണം കൃഷ്ണമൃഗം ഋശ്യം മരമാൻ
രൊഹിതം പുള്ളിക്കെഴമാൻ ചമരം ചമരിമാൻ മൃഗാഃ മൃഗവിശെഷഃ.
ഗന്ധൎവ്വഃ മരമാനിലെ ഭെദം ശരഭഃ എട്ടടിമാൻ രാമഃ പെരുമാനിലെ
ഭെദം വെളുത്തത സൃമരം മറൾമാൻ ഗവയഃ ആൾമാൻ ക്രൂരാൻ എ
ന്നും ഗന്ധൎവ്വാദയഃ പഞ്ചമഹാമൃഗാഃ ശശഃ മുയൽ കൃഷ്ണസാരാദയഃ പൃ
മാംസഃ ഇത്യാദയഃ മൃഗെന്ദ്രാദ്യാഃ സിംഹാദിശശാന്താഃ മൃഗാഃ ഗവാദ്യാഃ
പശുജാതയഃ ഗൊമഹിഷാജ വൃകാദയഃ. ഉന്ദുരുഃ മൂഷികഃ അപി ആ
ഖുഃ ൩-ം നാ എലി ഗിരികാ ബാലമൂഷികാ ൨-ം സ്ത്രീ ചുണ്ടെലി സ

രടഃ കൃകലാസഃ സ്യാൽ പു-ം നാ ഓന്ത അഥ മുസലീ ഗൃഹഗൊധികാ സ്ത്രീ പു-ം പല്ലി. ലൂതാ സ്ത്രീ തന്തുവായഃ ഊൎണ്ണനാഭഃ മൎക്കടകഃ സമാഃ ന-ം നാ ര-ം ചിലന്നി നീലംഗുഃ തു കൃമിഃ പ്പുഴവ കൎണ്ണജലൂകാഃ ശതപദീ ഉഭെ സ്ത്രീ തെരട്ട. വൃശ്ചികഃ ശൂകകീടഃ സ്യാൽ ശൂകവാൻ സൎപ്പകീടൊവൃശ്ചികഃ അളിഃ ദ്രൂണഃ തു വൃശ്ചികെ ന-ം നാ തെള. പാരാവതഃ കളരവഃ കപൊതഃ ന-ം പ്രാവ അഥ ശശാദനഃ പത്രീ ശ്യെനഃ ന-ം നാ പരിന്ത ഉലൂകഃ തു വായസാരാതി പെചകഃ ന-ം നാ ഊമൻ വ്യാഘ്രാടഃ തു ഭരദ്വാജഃ പു-ം നാ ചെമ്പൊത്ത ഖഞ്ജരീടഃ തു ഖഞ്ജനഃ കരിംകുരുകിൽ. ലൊഹപൃഷ്ഠഃ തു കംകഃ സ്യാൽ നാ പെരുംപരന്ത അഥ ചാഷഃ കികീദിവിഃ പു-ം കാട്ടുകാക്ക കലിംഗഃ ഭൃംഗഃ ധൂമ്യാടഃ ന-ം ചെറുകുരുകിൽ അഥ സ്യാൽ ശതപത്രകഃ ദാൎവ്വാഘാടഃ പു-ം നാ മരംകൊത്തി അഥ സാരംഗഃ ചാതകഃ തൊകകഃ സമാഃ പു-ം നാ വെഴാമ്പൽ കൃകവാകുഃ താമ്രചൂഡഃ കുക്കുടഃ ചരണായുധഃ ര-ം നാ കൊഴി. ചടകഃ കളവിംകഃ സ്യാൽ പു-ം നാ ഊൎക്കുരി തസ്യ സ്ത്രീ ചടകാ അതിന്റെ പിട തയൊഃ പുമപത്യെ ചാടകെരഃ അവരുടെ മകൻ ചാടകെരഃ സ്ത്ര്യപത്യെ ചടകാ ഏവ സാ അവരുടെ പുത്രി ചടക. കക്കരെട്ടുഃ കരെട്ടുഃ സ്യാൽ പു-ം നാ പരണ്ട കൃകണഃ ക്രകരഃ സമൌ ഇരുവാൽചാത്തൻ വനപ്രിയഃ പരഭൃതഃ കൊകിലഃ പികഃ ഇതി അപി ര-ം നാ കുയിൽ. കാകെ തു കരടഃ അരിഷ്ടഃ ബലിപുഷ്ടഃ സകൃൽപ്രജഃ ധ്വാംക്ഷഃ ആത്മഘൊഷഃ പരഭൃൽ ബലിഭുക് വായസഃ അപി ഫ-ം നാ കാക്ക. ദ്രൊണകാകഃ തു കാകൊളഃ പു-ം നാ കാവതികാക്ക ദാത്യൂഹഃ കാളകണ്ഠകഃ പു-ം നാ നത്ത ആതാപിചില്ലഃ പു-ം നാ മലക്കുരി ദാക്ഷായ്യഃ ഗൃദ്ധ്രഃ പു-ം നാ കഴുവൻ കീരഃ ശുകഃ സമൌ ചെറുകിളി. ക്രുങ് ക്രൌഞ്ചഃ പു-ം നാ അന്നിൽ അഥ ബകഃ കഹ്വഃ പു-ം നാ കൊക്ക പുഷ്കരാഹ്വഃ തു സാരസഃ പു-ം നാ പണ്ടാരകൊഴി കൊകഃ ചക്രഃ ചക്രവാകഃ രഥാംഗാഹ്വയനാമകഃ ര-ം നാ ചക്രവാകം. കാദംബഃ കളഹംസഃ സ്യാൽ പു-ം നാ കാരന്നം ഉൽക്രൊശഃ കുരരഃ സമൌ ഞാറൽ ഹംസാഃ തു ശ്വെതഗരുതഃ ചക്രാംഗഃ മാനസൌകസഃ ര-ം നാ അന്നം. രാജഹംസാഃ തു തെ ചഞ്ചുചരണൈഃ ലൊഹിതാഃ സിതാഃ ചുണ്ടും കാലും ചുവന്ന തങ്ങൾ വെളുത്തവ രാജഹംസങ്ങൾ മലിനൈഃ മല്ലികാക്ഷാഃ തെ ചുണ്ടും കാലുമിടകലൎന്ന നിറമായി തങ്ങൾ വെളുത്തവ മല്ലികാക്ഷങ്ങൾ ധാൎത്തരാഷ്ട്രാഃ സിതെതരൈഃ ചുണ്ടും കാലും കറുത്ത തങ്ങൾ വെളുത്തവ ധാൎത്തരാഷ്ട്രങ്ങൾ. ശരാരിഃ ആടിഃ ആതിഃ ച ന-ം നാ കവിണപ്പിറാവ വലാകാ വിസകണ്ഠികാ പു-ം സ്ത്രീ വെള്ളിപ്പക്ഷി ഹംസസ്യ യൊഷിൽ വരടാ അന്നപ്പെട സാരസസ്യ തു ലക്ഷ്മണാ പണ്ടാരകൊഴിപ്പെട. ജതുകാ അജിനപത്രാ സ്യാൽ പു-ം സ്ത്രീ വാവൽ പരൊഷ്ണീ തൈലപായികാ പു-ം സ്ത്രീ പൎവ്വണാ മക്ഷികാ നീലാ ന-ം സ്ത്രീ ചെറുതെനീച്ച സരഘാ മധുമക്ഷികാ പു-ം സ്ത്രീ തെനീച്ച. പതംഗികാ പുത്തികാ സ്യാൽ പു-ം സ്ത്രീ ചിറ്റീച്ച ദംശഃ തു വനമക്ഷികാ പു-ം സ്ത്രീ കാട്ടീച്ച ദംശീഃ തജ്ജാതിഃ അല്പാ സ്യാൽ കൃപംരംച്ച ഗന്ധൊളീ സ്ത്രീ വരടാ ദ്വയൊഃ കടന്നൽ. ഭൃംഗാരീ ചീരുകാ ചീരീ ഝില്ലികാ ച സമാഃ ഇമാഃ ചീവീട സമൌ പതംഗഃ ശലഭഃ പു-ം നാ ശലഭാംപാററ ഖദ്യൊതഃ ജ്യൊതിരിംഗണഃ പു-ം നാ മിന്നാമിനുങ്ങ. മധുവ്രതഃ മ

ധുകരഃ മധുലിൾ മധുപഃ അളി ദ്വിരെഫഃ പുഷ്പലിൾ ഭൃംഗഃ ഷൾപദഃ
ഭ്രമരഃ അളിഃ ൧൧-ം നാ വണ്ട. മയൂരഃ ബൎഹിണഃ ബൎഹീഃ നീലകണ്ഠഃ ഭു
ജംഗളുകൾ ശിഖാവളഃ ശിഖി കെകീ മെഘനാദാനുലാസി അപി ൰-ം നാ
മയിൽ. കെകാ സ്ത്രീ വാണീ മയൂരസ്യ മയിലുടെ ഒച്ച സമൌ ചന്ദ്രകഃ
മെചകഃ ൨-ം നാ പീലിക്കണ്ണ ശിഖാ ചൂഡാ ൨-ം സ്ത്രീ മയിൽകുടുമ ശി
ഖണ്ഡഃ നാ തു പിഞ്ഛം ബൎഹം നപുംസകെ ൩-ം മയിൽ പീലി. ഖ
ഗെ വിഹംഗഃ വിഹഗഃ വിഹംഗമഃ വിഹായാഃ ശകുന്തിഃ പക്ഷിശ
കുനിഃ ശകുന്തഃ ശകുനഃ ദ്വിജഃ പതത്രി പത്രി പതഗഃ പതൻ പത്രരഥഃ
അണ്ഡജഃ നഗൌകാഃ വാജി വികിരഃ വിഃ വിഷ്കിരഃ പതത്രിഃ നീഡൊ
ൽഭവാഃ ഗരുത്മന്തഃ പിത്സന്തഃ നഭസംഗമാഃ ഖഗാത്നഭസംഗമാന്തം
സാമാന്യം പക്ഷികൾ തെഷാംവിശെഷാഃ ഹാരീതഃ നാ വയൽപ്രാവ
മദ്ഗുഃ നാ നീൎക്കാക്ക കാരണ്ഡവഃ നാ കുളക്കോഴി പ്ലവഃ നാ മരക്കലനാവ
തിത്തിരിഃ ചില്ലിരിപ്പുള്ള കകുഭഃ നാ ചെക്രരിൽ ലാവഃ നാ ചിവൽ പുള്ള
ജീവഞ്ജീവഃ നാ വാൽവട്ടച്ചാത്തൻ ചകൊരകഃ നാ ചെമ്പൊത്ത കൊ
യഷ്ടികഃ നാ തുടി ടിട്ടിഭകഃ നാ ക്രുളകുല്യക്കി വൎത്തകഃ നാ കാട വൎത്തി
കാ സ്ത്രീ കാടയുടിയാൾ. ആദി ശബ്ദാൽ കപിഞ്ജലാദയഃ ഗരുൽ പക്ഷഃ
ഛദഃ ൩-ം നാ പത്രം പതത്രം ച തനൂരുഹം ൩-ം ക്ലീ ൬-ം ചിറക
സ്ത്രീ പക്ഷതിഃ പക്ഷമൂലം ക്ലീ ൨-ം ചിറകിനടി ചഞ്ചുഃ ത്രൊടിഃ ഉഭെ
സ്ത്രീയൌ ൨-ം ചുണ്ട. പ്രഡീനം ആകാശഗമനം ഉഡ്ഡീനം ഊൎദ്ധ്വഗമ
നം സംഡീനം സമഗമനം ൩-ം ക്ലീ ഏതാഃ ഖഗഗതിക്രിയാഃ പെ
ശീ കൊശഃ നാ ദ്വിഹീനെ അണ്ഡം ൨-ം മുട്ട കുലായഃ നാ നീഡം
അസ്ത്രീയാം ൨-ം കൂട. പൊതഃ പാകഃ അൎഭകഃ ഡിംഭഃ പൃഥുകഃ ശാ
ബകഃ ശിശുഃ ൭-ം നാ ചെറിയവ സ്ത്രീ പുംസൌ മിഥുനം ദ്വന്ദ്വം ൨-ം
ക്ലീ സ്ത്രീയും പുരുഷനും കൂട്ടുക യുഗ്മം തു യുഗളം യുഗം ൨-ം ക്ലീ ഇരട്ട.
സമൂഹഃ നിവഹഃ വ്യൂഹഃ സന്ദൊഹഃ വിസരഃ വ്രജഃ സ്തൊമഃ ഓഘഃ
നികരഃ വ്രാതഃ വാരഃ സംഘാതഃ സഞ്ചയഃ സമുദായഃ സമുദയഃ സമ
വായഃ ചയഃ ഗണഃ ൧൯-ം നാ സ്ത്രീയാം തു സംഹതിഃ വൃന്ദം നികുരും
ബം കദംബകം ൩-ം ക്ലീ ൨൨-ം സാമാന്യം കൂട്ടം. വൃന്ദഭെദാഃ സമൈഃ
വൎഗ്ഗഃ നാ സമന്മാരുടെക്കൂട്ടം സംഘഃ സാൎത്ഥഃ തു ജന്തുഭിഃ ജന്തുക്കളുടെ
കൂട്ടം സജാതീയൈഃ കുലം ഓരൊജാതിയുടെ കൂട്ടം യൂഥം തിരശ്ചാം
പുന്നപുംസകം തിൎയ്യക്കുകളുടെ കൂട്ടം പശൂനാം സമജഃ പശുക്കളുടെ
കൂട്ടം അന്യെഷാം സമജഃ നാ മറ്റെല്ലാററിന്റെയും കൂട്ടം അഥ സ
ധൎമ്മണാം സ്യാൽ നികായഃ നാ സധൎമ്മാക്കളുടെ കൂട്ടം പുഞ്ജഃ രാ
ശിഃ തു ഉൽകരഃ ൩-ം നാ കൂടം അസ്ത്രീയാം ൪-ം നാ ധനധാന്യാദി
കളുടെക്കൂട്ടം കാപൊതം ക്ലീ പ്രാവിൻ കൂട്ടം ശൌകം ക്ലീ കിളി കൂട്ടംമാ
യൂരം ക്ലീ മയിൽ കൂട്ടം തൈത്തിരം ക്ലീ തിത്തിരി കൂട്ടം ആദീനി തൽ
ഗണെ ആദിശബ്ദാൽ ബകാദി ഗ്രഹാസക്താഃ പക്ഷിമൃഗാഃ ഛെകാഃ
തെ ഗൃഹ്യകാഃ ച തെ ഗ്രഹത്തിങ്കൽ വളൎക്കുന്ന പക്ഷിമൃഗങ്ങൾ.

മനുഷ്യവൎഗ്ഗഃ

മനുഷ്യാഃ മാനുഷാഃ മൎത്ത്യാഃ മനുജാഃ മാനവാഃ നരാഃ സ്യുഃ പുമാംസഃ പഞ്ചജനാഃ പുരുഷാഃ പൂരുഷാഃ നരാഃ ൧൧-ം ബഹുവചനം മനുഷ്യരുടെപെർ. സ്ത്രീ യോഷിൽ അബലാ യോഷാ നാരീ സീമന്തിനി വധൂഃ പ്രതീപദൎശിനീ വാമാ വനിതാ മഹിളാ തഥാ ഇവനൎ ാമാന്യം സ്ത്രീകളുടെപെർ. വിശെഷാഃ തു അംഗനാ കല്യാണീ ഭീരുഃ ഭയമുള്ളവൾ കാമിനീ ഭൊഗശീലാ വാമലൊചനാ ശുഭനയനാ പ്രമദാ മദൊൽക്കടാ മാനിനീ വിലാസമുള്ളവൾ കാന്താ രമ്യാ ലലനാ ലാള്യമാനാ ച നിതംബിനീ ഗുരുനിതംബാ സുന്ദരീ സൎവ്വാവയവസുന്ദരി രമണീ ക്രീഡാപരാ രാമാ രമ്യാ കൊപനാ സാ ഏവ ഭാമിനീ ൨൨-ം കൊപനശീലാ വരാരൊഹാ മത്തകാശിനീ ഉത്തമാ വരവൎണ്ണിനീ ഉത്തമസ്ത്രീ. പൎയ്യായങ്ങൾ ൨. കൃതാഭിഷെകാ മഹിഷീ പ്രധാനഭാൎയ്യയായി അഭിഷെകം ചെയ്യപ്പെട്ടവൾ. ഭൊഗിന്യഃ അന്യാഃ നൃപസ്ത്രിയഃ മറ്റുള്ള നൃപസ്ത്രീകൾ പത്നീ പാണിഗൃഹീതീ ച ദ്വിതീയാ സഹധൎമ്മിണീ ഭാൎയ്യാ ജായാ വിവാഹം ചെയ്യുവൾ അഥ പുംഭൂമ്നി ദാരാഃ സ്യാൽ ബഹുവചനം പുല്ലിംഗത്തിൽ തു കുടുംബിനീ പുരന്ധ്രീ വീട്ടുഭരിക്കുന്നവൾ സുചരിത്രാ തു സതീ സാദ്ധ്വീ പതിവ്രതാ പാതിവ്രത്യമുള്ളവൾ. കൃതസാപത്നികാ അദ്ധ്യൂഢാ അധിവിന്നാ നടെ വെട്ടവൾ അഥ സ്വയംവരാ പതിംവരാ ച വൎയ്യാ ഭൎത്താവിനെത്താൻ വരിക്കുന്നവൾ അഥ കുലസ്ത്രീ കുലപാലികാ കുലത്തെ വൎദ്ധിപ്പിക്കുന്നവൾ കന്യാ കുമാരീ സാമാന്യംപെണ്ണിന്നുപെർ ഗൌരീ തു നഗ്നികാ അനാഗതാൎത്തവാ തിരളാത്തപെണ്ണ സ്യാൽ മദ്ധ്യമാ ദൃഷ്ടരജാഃ തിരണ്ടപെണ്ണ തരുണീ യുവതിഃ സമെ യൌവനമുള്ളവൾ സമാഃ സ്നുഷാ ജനീ വധൂഃ ൩-ം പുത്രഭാൎയ്യാ ചിരണ്ടീ തു സുവാസിനീ യൌവനം തുടങ്ങിയവൾ ഇച്ശാവതീ കാമുകാ സ്യാൽ ഇച്ശയുള്ളവൾ വൃഷസ്യന്തീ തു കാമുകീ മൈഥുനെച്ശയുള്ളവൾ. കാന്താൎത്ഥിനീ തു യാ യാതി സംകെതം സാ അഭിസാരികാ ജാരനെകുറിച്ചു കുറിനിലത്ത ചെല്ലുന്നവൾ പുംശ്ചലീ ധൎഷിണീ വന്ധകീ അസതീ കുലടാ ഇത്വരീ സ്വൈരിണീ പാംസുലാ ച സ്യാൽ ൮-ം കാമചാരിണിക്കുപെർ അശിശ്വീ ശിശുനാ വിനാ പുത്രനൊടുവെർപെട്ടവൾ അവീരാ നിഷ്പതിസുതാ ഭൎത്താവും പുത്രനുമില്ലാത്തവൾ വിശ്വസ്താ വിധവാ സമെ വിധവക്കുപെർ ആലിഃ സഖീ വയസ്യാ ച തൊഴി പതിവത്നീ സഭൎത്തൃകാ ഭൎത്താവുള്ളവൾ. വൃദ്ധാ പലിക്നീ നരെച്ചവൾ പ്രാജ്ഞീ തു പ്രജ്ഞാ ൨-ം അറിയുന്നവൾ പ്രാജ്ഞാ തു ധീമതീ ബുദ്ധിയുള്ളവൾ. ശൂദ്രീ ശൂദ്രസ്യ ഭാൎയ്യാ സ്യാൽ ശൂദ്രൻകെട്ടിയവൾ ശൂദ്രാ തജ്ജാതിഃ അംഗനാ ശൂദ്രസ്ത്രീ ആഭീരീ തു മഹാശൂദ്രീ ജാതിപുംയൊഗയൊഃ സമാഃ ഇടയത്തി. ആൎയ്യാണീ സ്വയം ആൎയ്യാ സ്യാൽ താൻ ശുദ്ധയായുള്ളവൾ ക്ഷത്രിയാ ക്ഷത്രിയാണീ അപി താൻ ക്ഷത്രിയയായുള്ളവൾ ഉപാദ്ധ്യായാ അപി ഉപാദ്ധ്യായീ താൻ ഉപാദ്ധ്യായയായുള്ളവൾ സ്യാൽ ആചാൎയ്യാ അപി ച സ്വതഃ താൻ ആചാൎയ്യയായുള്ളവൾ. ആചാൎയ്യാനീ തു പുംയൊഗെ ആചാൎയ്യന്റെ ഭാൎയ്യ സ്യാൽ അൎയ്യീ ആൎയ്യന്റെ ഭാൎയ്യാ ക്ഷത്രിയീ തഥാ ക്ഷത്രിയന്റെ ഭാൎയ്യാ ഉപാദ്ധ്യായനീ ഉപാദ്ധ്യായീ ഉപാദ്ധ്യായന്റെ ഭാൎയ്യാ പൊടാ സ്ത്രീ പുംസലക്ഷണാ നപുംസകവിശെഷം വീരപത്നീ വീരഭാൎയ്യാ വീരന്റെ

ഭാൎയ്യാ വീരമാതാ തു വീരസൂഃ വീരന്റെ അമ്മ ജാതാപത്യാ പ്രജാതാ
ച പ്രസൂതാ ച പ്രസൂതികാ ൩-ം പെറവൾ. സ്ത്രീ നഗ്നികാ കൊട്ടവീ
സ്യാൽ വിഗതവസ്ത്രാ ഭൂമി സഞ്ചാരികാ സമെ ചെടി കാത്ത്യായിനീ
അൎദ്ധവൃദ്ധാ യാ ഇടവൃദ്ധാ കാഷായവസനാ അധവാ എന്നിയെ കാവി
പ്പുടവ ഉടുത്തവൾക്കാകിലുമാം. സൈരന്ധ്രീ പരവെശ്മസ്ഥാ സ്വവശാ
ശില്പകാരികാ പരവെശ്മത്തിങ്കൽ സ്വവശയാവൂതുഞ്ചെയ്യു ശില്പകാരി
യായുള്ളവൾ ചതുഷ്ഷഷ്ടികലാഭിജ്ഞാ ശീലരൂപാദിസെവിനീ പ്രസാ
ധനൊപചാരജ്ഞാ സൈരന്ധ്രീത്യഭിധീയതെ അസിക്നി സ്യാൽ അവൃ
ദ്ധാ യാ പ്രെഷ്യാ അന്തഃപുരചാരിണീ നരയാത താച്ചി. വാരസ്ത്രീ ഗ
ണികാ വെശ്യാ രൂപാജീവാ സാമാന്യം വെശ്യക്കുപെർ അഥ സാ ജ
നൈഃ സൽകൃതാ വാരമുഖ്യാ സ്യാൽ അതിൽ പ്രധാനയായുള്ളവൾ കു
ട്ടനീ ശംഭളീ സമെ അമ്മാമി. വിപ്രശ്നികാ തു ഈക്ഷണികാ ദൈവ
ജ്ഞാ ലക്ഷണം ചൊല്ലുന്നവൾ അഥ രജസ്വലാ സ്ത്രീധൎമ്മിണീ അവി
ച ആത്രെയീ മലിനീ പുഷ്പവതീ അപി ഋതുമതീ അപി ഉദക്യാ
൧൦ തീണ്ടായിരുന്നവൾ അഥ സ്യാൽ രജഃ പുഷ്പം ആൎത്തവം ൩-ം കര
ശ്രദ്ധാലുഃ ദൊഹദവതീ വ്യാക്രൂണുള്ളവൾ നിഷ്കലാ വിഗതാൎത്തവാ തീ
ണ്ടാരിക്ക മാറിയവൾ. ആപന്നസത്വാ സ്യാൽ ഗുൎവ്വിണീ അന്തൎവ്വത്നീ
ച ഗൎഭിണീ ഗൎഭമുള്ളവൾ ഗണികാദെഃ തു ഗാണിക്യം ഗണികമാരുടെ
കൂട്ടം ഗാൎഭിണം ഗൎഭിണിമാരുടെകൂട്ടം യൌവതം യുവതിമാരുടെ കൂട്ടം.
പുനൎഭൂഃ ദിധിഷൂഃ ഊഢാ ദ്വിഃ രണ്ടുരു വെട്ടവൾ തസ്യാഃ ദിധിഷുഃ
പതിഃ അവളുടെ ഭൎത്താവ സഃ തു ദ്വിജഃ അഗ്രെ ദിധിഷുഃ സാ ഏ
വ യസ്യ കുഡുംബിനീ അവളെ തനിക്ക ഭാൎയ്യയാകുന്നവൻ. കാനീ
നഃ കന്യകാജാതഃ സുതഃ കന്യകാപുത്രൻ അഥ സുഭഗാസുതഃ സൌഭാ
ഗിനെയഃ സുഭഗയുടെപുത്രൻ സ്യാൽ പാരസ്ത്രൈണെയഃ തു പരസ്ത്രീ
യാഃ പരസ്ത്രീപുത്രൻ. പൈതൃഷ്വസെയഃ സ്യാൽ പൈതൃഷ്വസ്രീയഃ ച
പിതൃഷ്വസുഃ അച്ഛന്റെ മരുമകൻ സുതഃ മാതൃഷ്വസുഃ ച ഏവം മാ
തൃഷ്വസെയഃ മാതൃഷ്വസ്രീയഃ ചിററമ്മയുടെയും പെരിയമ്മയുടെയും
മകൻ ദ്വൈമാതുരഃ ദ്വിമാതൃജഃ രണ്ടമ്മയുടെമകൻ. അഥ ബാന്ധകി
നെയഃ സ്യാൽ ബന്ധുലഃ ച അസതീസുതഃ പുംശ്ചലിയുടെ മകൻ
കൌലടെയഃ കൌലടെരഃ കുവടാപുത്രൻ ഭിക്ഷുകീ തു സതീ യദി തദാ
കൌലടിനെയഃ അസ്യാഃ കൌലടെയഃ അപി ച ആത്മജഃ ഭൈ
ക്ഷവും പുക്കതാൻ ശുദ്ധയായി ഉള്ളവളുടെ പുത്രനു പെരുണ്ട കൌല
ടിനെയാൻ എന്നും കൊലടെയൻ എന്നും ആത്മജഃ തനയഃ സൂനുഃ സു
തഃ പുത്രഃ ൫-ം നാ പുത്രന്റെപെർ സ്ത്രീയാം തു അമീ ആഹുഃ ദുഹിതരം
സൎവ്വെ ഇവ ൫-ം പുത്രിക്കുപെരാംപൊൾ സ്ത്രീലിംഗം അപത്യം തൊ
കം തയൊഃ സമെ പെണ്ണിനെചൊല്ലുംപൊഴും ചെറുക്കനെച്ചൊല്ലു
മ്പൊഴും അപത്യമെന്നും തൊകമെന്നും ഇരിക്കും സ്വജാതെഃ തു ഔര
സഃ ഉരസ്യഃ തന്നെപ്പൊലെയുള്ളമകൻ താതഃ തു ജനകഃ പിതാ അ
ച്ഛനുപെർ. ജനയിത്രീ പ്രസൂഃ മാതാ ജനനീ അമ്മ ഭഗിനീ സ്വസാ
ഉടപ്പിറന്നവൾ നനാന്ദാ തു സ്വസാ പത്യുഃ നാ നാത്തൂൻ നപ്ത്രീ പൌ
ത്രീ സുതാത്മജാ മകന്റെ മകളും മകളുടെ. ഭാൎയ്യാഃ തു ഭ്രാതൃവൎഗ്ഗസ്യ
യാതരഃ സ്യുഃ പരസ്പരം ഭ്രാതാവിന്റെയും യാതാവിന്റെയും ഭാൎയ്യാ
പ്രജാവതീ ഭ്രാതൃജായാ ജ്യെഷ്ഠാനുജന്റെ ഭാൎയ്യാ മാതുലാനീ തു മാ

തുലി അമ്മാമി. പതിപത്ന്യോഃ പ്രസൂഃ ശ്വശ്രൂഃ ഭൎത്താവിന്റെയും ഭാ
ൎയ്യയുടെയും അമ്മ ശ്വശുരഃ തു പിതാ തയൊഃ അവരിരിവരുടെയും
അച്ശൻ ശ്വശുരൻ പിതുഃഭ്രാതാ പിതൃവ്യഃ സ്യാൽ ചിററപ്പൻ മാതുഃഭ്രാ
താ തു മാതുലഃ അമ്മാമൻ. സ്യാലാഃ സ്യുഃ ഭ്രാതരഃ പത്ന്യാഃ അളിയന്മാർ
സ്വാമിനഃ ദെവാ ദെവരഃ ഋകാരാന്തം ദെവരഃ ഭൎത്താവിന്റെ അ
നുജൻ സ്വസ്രീയഃ ഭാഗിനെയഃ സ്യാൽ മരുമകൻ ജാമാതാ ദുഹിതുഃ
പതിഃ പുത്രിയുടെ ഭൎത്താവ. പിതാമഹഃ പിതൃപിതാ മുത്തച്ശൻ തൽ
പിതാ പ്രപിതാമഹഃ നാലാമച്ശൻ മാതുഃ മാതാമഹഃ അമ്മയുടെ അ
ച്ശൻ ആദ്യൈവം പ്രമാതാമഹഃ അമ്മയുടെ മുത്തച്ശൻ സപിണ്ഡാഃ തു
സനാഭയഃ പുരുഷാന്തരത്തൊളമുള്ളവർ സമാനൊദൎയ്യഃ സൊദ
ൎയ്യഃ സഗൎഭ്യഃ സഹജഃ സമാഃ ഉടപ്പിറന്നവൻ സഗൊത്രഃ ബാന്ധവഃ
ജ്ഞാതിഃ ബന്ധുഃ സ്വഃ സ്വജനഃ സമാഃ ൭ പുരുഷാന്തരം കഴിഞ്ഞുള്ള
വർ. ജ്ഞാതെയം ബന്ധുതാ തെഷാംക്രമാൽഭാവസമൂഹയൊഃ ജ്ഞാ
തെയഃ ജ്ഞാതിഭാവം ബന്ധുതാ അവരുടെ സമൂഹം ധവഃ പ്രിയഃ പ
തിഃ ഭൎത്താ ഭൎത്താവ ജാരഃ തു ഉപപതിഃ സമൌ ജാരൻ. അമൃതെ ജാ
രജഃ കുണ്ഡഃ മൃതെ ഭൎത്തരി ഗൊളകഃ ഭൎത്താവുള്ളപ്പൊഴെ ജാരനുല്പാ
ദിച്ചുള്ളവൻ കുണ്ഡൻ ഭൎത്താവുമരിച്ചാൽ ജാരനുല്പാദിച്ചുള്ളവൻ ഗൊ
ളകൻ ഭ്രാത്രീയഃ ഭ്രാതൃജഃ ജ്യെഷ്ഠന്താനനുജന്താനുല്പാദിച്ചിട്ടുള്ളവൻ
ഭ്രാതൃഭാഗിന്യൌ ഭ്രാതരൌ ഉഭൌ ഉടപ്പിറന്നവനും ഉടപ്പിറന്നവൾ
ക്കും കൂടെ ഏകശെഷം. മാതാപിതരൌ പിതരൌ മാതരപിതരൌ
ച താതജനയിത്ര്യൌ അമ്മക്കും അച്ശനും കൂടെ ഏകശെഷം ശ്വശ്രൂ
ശ്വശുരൌ ശ്വശുരൌ ദംപതിമാരുടെ അച്ശനെയും അമ്മയെയും കൂടി
ചൊല്ലുംപൊൾ പുത്രൌ പുത്രഃ ച ദുഹിതാ ച പുത്രനും പുത്രിക്കും കൂട
ഏകശെഷം. ദംപതീ ജംപതീ ഭാൎയ്യാപതീ ജായാപതീ ച തൌ ഭാ
ൎയ്യയും ഭൎത്താവിനെയും കൂടച്ചൊല്ലുമ്പൊൾ ഗൎഭാശയഃ ജരായുഃ സ്യാൽ
പുംസി ഉൽബം മറുപിള്ള കലലഃ അസ്ത്രീയാം ശുക്ലവും ശൊണിതവും
കൂടിയതിന്നുപെർ. സൂതിമാസഃ വൈജനനഃ ൨-ം പിറക്കുന്നതിങ്ങൾ
ഗൎഭഃ ഭ്രൂണഃ ഇമൌ സമൌ ൨-ം ഗൎഭത്തിന്നുപെർ തൃതീയാ പ്രകൃതിഃ
ഷണ്ഡഃ ക്ലീബഃ പണ്ഡഃ നപുംസകം ഇവ നപുംസകത്തിന്നുപെർ.
ശിശുത്വം ശൈശവം ബാല്യം പ്രഥമവയസ്സ താരുണ്യം യൌവനം
സമെ ദ്വിതീയവയസ്സ സ്യാൽ സ്ഥാവിരം തു വൃദ്ധത്വം മൂപ്പ വൃദ്ധസം
ഘെ തു വാൎദ്ധകം വൃദ്ധസമൂഹം. പലിതം ജരസാ ശൌക്ല്യം കെശാ
ദൌ നരകൊണ്ട വെളുത്ത തലയില്ലും മെല്ലും വിസ്രസാ ജരാ ൨-ം
സ്ത്രീ ജരക്കുപെർ. സ്യാൽ ഉത്താനശയാ ഡിംഭാ സ്തനപാ ച സ്തനന്ധ
യീ മുലകുടിക്കുന്ന കിടാവ. ബാലഃ തു സ്യാൽ വടുഃ മാണവകഃ മാണിവ
യസ്ഥഃ തരുണഃ യുവാ യൌവനമുള്ളവൻ പ്രവയാഃ സ്ഥവിരഃ വൃദ്ധഃ
ജീനഃ ജീൎണ്ണഃ ജരൻ അപി ൭൰മെൽ പുക്കവൻ. വൎഷീയാൻ ദ
ശമീ ജ്യായാൻ ൯൰ററിമെൽ വയസ്സ പുക്കവൻ പൂൎവ്വജഃ തു അഗ്രി
യഃ അഗ്രജഃ ജ്യെഷ്ഠന്നുപെർ ജഘന്യജെസ്യുഃ കനിഷ്ഠഃ യവീയാൻ
അവരജഃ അനുജഃ അനുജന്നുപെർ. അമാംസഃ ദുൎബ്ബലഃ ഛാതഃ ബ
ലമില്ലാതെ മെലിഞ്ഞവൻ ബലവാൻ മാംസളഃ അംസളഃ തടിച്ചു
ബലമുള്ളവൻ തുന്ദിലഃ തുന്ദിഭഃ തുന്ദീ ബൃഹൽകുക്ഷിഃ പിചണ്ഡിലഃ
൫-ം കുടവയറുള്ളവൻ. അവടീടഃ അവനാടഃ ച അവഭ്രടഃ നത

നാസികെ പതിമൂക്കുള്ളവൻ കെശവഃ കെശികഃ കെശി തലമുടിയു ള്ളവൻ വലിനഃ വലിഭഃ സമൌ തിരയുള്ളവൻ. വികലാംഗഃ തു പൊ ഗണ്ഡഃ പിറക്കുംപൊഴെ അംഗഹീനൻ ഖൎവ്വഃ ഹ്രസ്വഃ ച വാമനഃ കുറിയവൻ ഖരണാഃ സ്യാൽ ഖരണസഃ കൎക്കശനാസികൻ വിഗ്രഃ വി ഗതനാസികഃ ൨-ം മുറിഞ്ഞ മൂക്കുള്ളവൻ. ഖുരണാഃ സ്യാൽ ഖുരണസഃ കറുകുളമ്പുപൊലെ മൂക്കുള്ളവൻ പ്രജ്ഞുഃ പ്രഗതജാനുകഃ ൨-ം സംഗ ലജാനു ഊൎദ്ധ്വജ്ഞുഃ ഊൎദ്ധ്വജാനുഃ സ്യാൽ ൨-ം ഉൽഗതജാനു സംജ്ഞുഃ സംഗതജാനുകഃ മുഴങ്ങാൽ നിവിരാത്തവൻ. സ്യാൽ എഡെ ബധിരഃ ൨-ം ചെകിടൻ കുബ്ജെ ഗഡുലഃ ൨-ം കൂനൻ കുകരെ കുണിഃ ആകാ ത്തകയ്യുള്ളവൻ കളംബകഃ തു അവാക്ശ്രുതിഃ പറകയും കെൾക്കയും അരു താത്തവൻ ഖലതിഃ തു അയിന്ദ്രലുപ്തികഃ തലയിൽ മയിർകൊഴിഞ്ഞു പൊയവൻ. പൃശ്നിഃ അല്പതനൌ ശരീരം ചെറിയവൻ ശ്രൊണഃ പം ഗൌ ഇരുക്കാൽ മുടവൻ മുണ്ഡഃ തു മുണ്ഡിതെ ൨-ം തലചിരച്ചിരിക്കുന്ന വൻ വലിരഃ കെകരെ കൊങ്കണ്ണൻ ഖൊഡെ ഖഞ്ജഃ മുടവൻ ത്രിഷു ജരാവരാഃ ജരാശബ്ദത്തിന്മെൽ ജഡുല ശബ്ദത്തിന്നു കീഴെശബ്ദങ്ങൾ ത്രിലിംഗങ്ങൾ. ജഡുലഃ കാളകഃ പിപ്പ്ലുഃ മുഴയുള്ളവൻ തിലകഃ തിലകാ ളകഃ കാരയുള്ള മെയ്യുള്ളവൻ അനാമയം സ്യാൽ ആരൊഗ്യം വ്യാധി യില്ലായ്ക ചികിത്സാ രുക്പ്രതിക്രിയാ മരുന്നുചെയ്ക. ഭെഷജം ഔഷധം ഭൈഷജ്യം ൩-ം ക്ലീ അഗദഃ ജായുഃ ഇത്യപി ൫-ം മരുന്നിന്നു പെർ സ്ത്രീ രുക് രുജാ ച ൨-ം സ്ത്രീ ഉപതാപഃ രൊഗഃ വ്യാധിഃ ഗദഃ ആമ യഃ ൭-ം നാ വ്യാധിക്കുപെർ. പുമാൻ യക്ഷ്മാ ക്ഷയഃ ശൊഷഃ രാജയ ക്ഷ്മാ പ്രതിശ്യായഃ തു പീനസഃ ൨-ം നാ മൂക്കൊഴുകുക സ്ത്രീ ക്ഷുൽ ക്ഷു തം ക്ലീ ക്ഷവഃ പുംസി ൩-ം തുമ്മൽ കാസഃ തു ക്ഷവഥുഃ പുമാൻ ൩-ം ചുമ. ശൊഫഃ തു ശ്വയഥുഃ ശൊഫഃ ൩-ം നാ വീക്കം പാദസ്ഫൊടഃ നാ വിപാദികാ സ്ത്രീ ൨-ം കാൽവിള്ളുക കിലാസം സിദ്ധ്മം ൨-ം ക്ലീ ചുണങ്ങ കച്ഛ്വാം തു പാമാ നാ പാമാ വിചൎച്ചികാ ൨-ം സ്ത്രീ ൪-ം ചിരങ്ങ. കണ്ഡൂഃ ഖൎജ്ജുഃ ച കണ്ഡൂയാ ൩-ം സ്ത്രീ ചൊറിവ വിസ്ഫൊടഃ നാ പിടകഃ ത്രി ഷു കുരുവ വ്രണഃ അസ്ത്രീയാം ഈൎമ്മം അരുഃ ക്ലീബെ നാഡീ വ്രണഃ പുമാൻ ൪-ം പുണ്ണ. കൊഠഃ നാ മണ്ഡലകം ക്ലീ ൨-ം വട്ടപ്പുണ്ണ കുഷ്ഠം ശ്വിത്രം കുഷ്ഠ പൎയ്യായങ്ങൾ ദുൎന്നാമകം അൎശഃ ൨-ം ക്ലീ മൂലരൊഗം ആനാഹഃ തു വിബന്ധഃ സ്യാൽ കീഴ്വയറു വീക്ക ഗ്രഹണീരുക് പ്രവാ ഹികാ ക്ലീ ഗ്രഹണി ക്ലെശം. പ്രച്ഛൎദ്ദികാ വമിഃ ച ൨-ം സ്ത്രീ ഛൎദ്ദി ച വമഥുഃ പുമാൻ ൪-ം ഛൎദ്ദി വ്യാധിഭെദാഃ വിദ്രധിഃ സ്ത്രീ ജ്വരഃ മെ ഹഃ ഭഗന്ദരഃ ഇവ വ്യാധിഭെദങ്ങൾ. ശ്ലീപദം പാദവല്മീകം പെരി ങ്കാൽ കെശഘ്നം തു ഇന്ദ്രലുപ്തകം തലമയിർകൊഴിക അശ്മരീ മൂത്രകൃ ച്ഛ്രം സ്യാൽ പൂൎവ്വെ ശുക്ലാവധെഃ ത്രിഷു മൂത്രകൃച്ഛ്രത്തിന്നുപെർ. രൊഗഹാ ൎയ്യാദി മൂൎച്ഛിതാന്തങ്ങൾ ത്രിലിംഗങ്ങൾ രൊഗഹാരി അഗദംകാരഃ ഭി ഷക് വൈദ്യഃ ചികിത്സകെ ൫-ം വൈദ്യന്നു പെർ വാൎത്തഃ നിരാ മയഃ കല്യഃ ഉല്ലാഘഃ നിൎഗ്ഗതഃ ഗദാൽ ൪-ം വ്യാധി ഇളച്ചവൻ. ഗ്ലാനഃ ഗ്ലാസ്നുഃ ആമയാവീ വികൃതഃ വ്യാധിതഃ അപടുഃ ആതുരഃ അഭ്യമിതഃ അഭ്യാന്തഃ ൻ-ം വ്യാധിതന്നു പെർ സമൌ പാമനഃ കച്ഛുരഃ ചിരങ്ങു ള്ളവൻ. ദദ്രുണഃ ദദ്രുരൊഗീ സ്യാൽ തഴുതണ്ണമുള്ളവൻ അൎശൊരൊഗ യുതഃ അൎശസഃ മൂലരൊഗമുള്ളവൻ വാതകീ വാതരൊഗീ സ്യാൽ

വാതമുള്ളവൻ സാതിസാരഃ അതിസാരകി അഗ്നികെട്ടുള്ളവൻ. സ്യുഃ
ക്ലിന്നാക്ഷെ ചുല്ലഃചില്ലഃ പില്ലഃ ൩-ം ചീകണ്ണന്നുപെർ ക്ലിന്നെ അക്ഷ്ണി ച
അപി അമി ഇവ ചീങ്കെകണ്ണിന്നുപെർ ഉണ്ട ഉന്മത്തഃ ഉന്മാദവതിഃ
ഭ്രാന്തൻ ശ്ലെഷ്മളഃ ശ്ലെഷ്മണഃ കഫീ ശ്ലെഷ്മമുള്ളവൻ. ന്യുബ്ജഃ ഭുഗ്ന
രുജാ വ്യാധികൊണ്ട വളഞ്ഞവൻ വൃദ്ധനാഭൌ തുന്ദിലഃ തുന്ദിഭഃ
പൊക്കൾ വലിയവൻ കിലാസീ സിധ്മളഃ ൨-ം ചുണങ്ങുള്ളവൻ അന്ധഃ
അദൃക് കുരുടൻ മൂൎഛാലെ മൂൎത്തഃ മൂൎഛിതഃ മൊഹിച്ചവൻ. ശുക്ലം തെജഃ
രെതഃ ച ബീജം വീൎയ്യം ഇന്ദ്രിയം ച ൬-ം ഇന്ദ്രിയത്തിന്നു പെർ മായുഃ
പിത്തം പിത്തത്തിന്റെ പെർ കഫഃ ശ്ലെഷ്മാ ൨-ം ശ്ലെഷ്മത്തിന്നു പെർ
സ്ത്രീയാം തു ത്വക് അസൃഗ്ധരാ ൨-ം സ്ത്രീ തൊൽ. പിശിതം തരസം മാം
സം പലലം ക്രവ്യം ആമിഷം പച്ചെറച്ചി ഉത്തപ്തം ശുഷ്കമാംസം സ്യാ
ൽ തൽവൽല്ലൂരം ഉണക്കെറച്ചി ത്രിലിംഗകം രുധിരെ അസൃക് ലൊഹി
തം അസ്രം രക്തം ക്ഷതജം ശൊണിതം ക്ലീ രുധിരത്തിന്നു പെർ വൃക്യാ
അഗ്രമാംസം ക്ലീ മുഖ്യമാംസം ഹൃദയം ഹൃൽ ക്ലീ ൨-ം ഹൃദയ പുണ്ഡരീകം
മെദഃ തു വപാ വസാ ൨-ം സ്ത്രീ ൩-ം മെദസ്സിന്നു പെർ. പശ്ചാൽ ഗ്രീ
വാ സിരാ മന്യാ പിങ്കഴുത്ത ലെഞരമ്പ നാഡീ തു ധമനിഃ സിരാ ൩-ം
സ്ത്രീ ഞരമ്പ തിലകം ക്ലൊമ ൨-ം ഹൃൽപുണ്ഡരീകത്തിന്റെ അടുത്തുള്ള
പ്രദെശം മസ്തിഷ്കം ഗൊദം തലച്ചൊറ് കിട്ടം ക്ലീ മലഃ അസ്ത്രീയാം ൨-ം കു
ടലിലെമലം ആന്ത്രം പുരീതൽ കുടർ ഗുല്മഃ തു പ്ലീഹാ പുംസി പ്ലീഹാ അ
ഥ വസ്നസാ സ്നായുഃ സ്ത്രീയാം പെരിഞരമ്പ കാളഖണ്ഡം യകൃൽ തു സമെ
ഇമെ വലത്തെവിലാവിലെ അകത്തെടം. സൃണികാ സ്യന്ദനീ ലാലാ വാ
യിലെനീർ ദൂഷികാ നെത്രയൊൎമ്മലം കണ്ണിലെ പീള മൂത്രം പ്രസ്രാവഃ
൨-ം മൂത്രത്തിന്റെ ഉച്ചാരഃ അവസ്കരഃ ശമലം ശകൃൽ പുരീഷം ഗൂഥം വ
ൎച്ചസ്കം അസ്ത്രീ വിഷ്ഠാ വിൾ സ്ത്രീയൌ ഇവ വിഷ്ഠയുടെപെർ സ്യാൽ കൎപ്പ
രഃകപാലഃ അസ്ത്രീ തലയൊട കീകസം കുല്യം അസ്ഥി ച സാമാന്യം എ
ല്ല. സ്യാൽ ശരീരാസ്ഥി കംകാളഃ മെലെ എല്ല പൃഷ്ഠാസ്ഥനി കശെരുകാ
നണ്ടെല്ല ശിരൊസ്ഥനി കരൊടിഃ സ്ത്രീ തലയിലെ എല്ല പാൎശ്വാസ്ഥനി
തു പാൎശ്വുകാ വിലാവിലെ എല്ല. അംഗം പ്രതീകഃ അവയവഃ അപഘനഃ
൪-ം ശരീരത്തിന്റെ കാലുകൈ തുടങ്ങിയുള്ളവ അഥ കളെബരം ഗാത്രം
വപുഃ സംഹനനം ശരീരം വൎഷ്മ വിഗ്രഹഃ കായഃ ദെഹഃ ക്ലീബപും
സൊഃ സ്ത്രീയാം മൂൎത്തിഃ തനുഃ തനൂഃ ൧൨-ം ശരീരത്തിന്റെ പെർ പാദാ
ഗ്രം പ്രപദം പുറവടി പാദഃ പൽ അംഘ്രിഃ ചരണഃ അസ്ത്രീയാം കണ
ങ്കാൽക്ക താഴത്തെടം. തൽഗ്രന്ഥീ ഘുടികെ ഗുല്ഫൌ നരിയാണി ൨-ം പു
മാൻ പാൎഷ്ണിഃ തയൊരധഃ മടിമ്പ ജംഘാ തു പ്രസൃതാ സ്ത്രീ ൨-ം കണങ്കാ
ൽ ജാനു ഊരുപൎവ്വ അഷ്ഠീവൽ അസ്ത്രീയാം മുഴങ്കാൽ. സക്ഥി ക്ലീബെ
പുമാൻ ഊരുഃ തുട തത്സന്ധിഃ പുംസി വംക്ഷണഃ കഴലസ്ഥാനം ഗു
ദം തു അപാനം പായുഃ നാ ൩-ം ആസനദ്വാരം വസ്തിഃ നാഭെഃ അ
ധഃ ദ്വയൊഃ മൂത്രാശയം. കടഃ നാ ശ്രൊണിഫലകം പതക്കകടിഃ ശ്രൊ
ണിഃ കകുത്മതീ കകുൽ പ്രദെശം പശ്ചാൽ നിതംബഃ സ്ത്രീകട്യാഃ പും
പ ക്ലീബെ തു ജഘനം പുരഃ മുൻമ്പിലെടം. കൂപകൌ തു നിതംബെ
സ്ഥൌ ദ്വയഹീനെ കുകുന്ദരെ ഒമൽകുഴി സ്ത്രീയാം സ്ഫിജൌ കടി
പ്രൊഥൌ ആസനം ഉപസ്ഥഃ വക്ഷ്യമാണയൊഃ വക്ഷ്യമാണങ്ങളാ
യിരിക്കുന്ന ഭഗത്തിനും ശിശ്നത്തിനും പെരുണ്ട ഉപസ്ഥമെന്നഭഗം.

യോനിഃ ദ്വയോഃ യോനിക്കു പേർ ശിശ്നഃ മേഢ്രഃ പു-ം നാ മേഹനം ശേഫം പു-ം ക്ലീ ര-ം ലിംഗത്തിന്നുപേർ മുഷ്കഃ അണ്ഡകോശഃ വൃഷണഃ ന-ം നാ വൃഷണത്തിന്നു പേർ പ്രക്ഷുവംശാധരെത്രികം പൃഷ്ഠെല്ലു. പിചണ്ഡഃ കുക്ഷിഃ പു-ം നാ ജഠരം ഉദരം തുന്ദം ന-ം ക്ലീ ഏ-ം വയറ സ്തനൌ കുചൌ മുലകൾ ചൂചുകം തു കുചാഗ്രം സ്യാൽ മുലക്കണ്ണു നാ നാ ക്രോഡം ഭുജാന്തരം ഉരഃ വത്സം ച വക്ഷഃ ച ര-ം ക്ലീ ഏ-ം മാറ പൃഷ്ഠം തു ചരമം തനൊഃ പുറം സ്കന്ധഃ നാ ഭുജശിരഃ ക്ലീ അംസഃ അസ്ത്രീ പു-ം തൊൾ സന്ധി തസ്യൈവ ജത്രുണീ ക്ലീ പു-ം പൃണി എല്ലു. ബാഹുമൂലെ ഉഭെ കക്ഷൌ കക്ഷം പാൎശ്വം അസ്ത്രീ തയൊഃ അധഃ വിലാപ മദ്ധ്യമം ച അവലഗ്നം ച പു-ം ക്ലീ മദ്ധ്യഃ അസ്ത്രീ ന-ം നടു വ ലൈപൌചരൌ ദ്വയൊഃ ഭുജഃ ബാഹുഃ പു-ം അസ്ത്രീ പ്രവെഷ്ടഃ ദൊഃ പു-ം നാ ര-ം കയ്യുപേർ സ്യാൽ കഫൊണിഃ തു കൂൎപ്പരഃ പു-ം നാ മുഴങ്കയ്യ അസ്യ ഉപരി പ്രഗണ്ഡഃ സ്യാൽ മുഴകയ്യു മെലെടം പ്രകൊഷ്ഠഃ തസ്യ ച അപി അധഃ മുഴകയ്യുകീഴെ മണിക്കണ്ടത്തിന്നുമെലെടം. മണിബന്ധാൽ ആകനിഷ്ഠം കരസ്യ കരഭഃ നാ ബഹിഃ മണിക്കണ്ടത്തൊട ചെറുവിരലൊട ഇടയിൽ പുറത്തെടം പഞ്ചശാഖഃ ശയഃ പാണിഃ പു-ം നാ ഉള്ളങ്കയ്യ തൎജ്ജനീ സ്യാൽ പ്രദെശിനീ പു-ം സ്ത്രീ ചൂണ്ടൊന്നി അംഗുല്യഃ കരശാഖാഃ സ്ത്രീ സ്യുഃ വിരൽ പുംസി അംഗുഷ്ഠഃ പെരുവിരൽ പ്രദെശിനീ ചൂണ്ടൊന്നി മദ്ധ്യമാ നടുവിരൽ അനാമികാ മൊതിരവിരൽ ച ഇരികനിഷ്ഠാ ച ചെറുവിരൽ ഇതിതഃ ക്രമാൽ പുനൎഭവഃ, കരരുഹഃ പു-ം നാ. നഖഃ അസ്ത്രീ നഖരഃ അസ്ത്രിയാം ര-ം നാ നഖത്തിന്നപേർ പ്രാദെശഃ താലഃ ഗൊകൎണ്ണഃ തൎജ്ജന്യാലിയുതെ തതെ അംഗുഷ്ഠെ സകനിഷ്ഠെ സ്യാൽ വിതസ്തിഃ ദ്വാദശാംഗുലൌ പെരുവിരലും ചൂണ്ടൊന്നിയും കൂട്ടിനിവൃത്തി അളന്ന ചാൺ പ്രാദെശം പെരുവിരലും നടുവിരലും കൂട്ടിനിവൃത്തിഅളന്നത താലം പെരുവിരലും മൊതിരവിരലും കൂട്ടിനിവൃത്തിഅളന്നത ഗൊകൎണ്ണം പെരുവിരലും ചെറുവിരലും കൂട്ടി അളന്നത വിതസ്തിയും ദ്വാദശാംഗുലവും പാണൌ ച ചെടഃ പ്രതലഃ പ്രഹസ്തഃ വിസ്തൃതാംഗുലൌ ഒരുകൈപരത്തിയതിന്നുപേർ ദ്വൌസംഹതൌ സിംഹതലഃ പ്രതലഃ വാമദക്ഷിണൌ രണ്ടുകയ്യും പരത്തുക പാണിഃ നികുബ്ജഃ പ്രസൃതിഃ ഒരുകയ്യൊട്ടുമടക്കി പൊങ്ങിച്ചത തൌയുതൌ അഞ്ജലിഃ പുമാൻ അങ്ങനെ ഒത്തവ രണ്ടും കൂട്ടുക പ്രകൊഷ്ഠെ വിസ്തൃതകരെ നിവിൎത്തിയവിരലൊടു അളന്നമുഴം ഹസ്തഃ മുഷ്ട്യാ തു ബദ്ധയാ മുഷ്ടിചുരുട്ടിയളന്ന മുഴം സഃ രത്നി സ്യാൽ രത്നിയുമതെ അരത്നി തു നിഷ്കനിഷ്ഠെന മുഷ്ടിനാ ചെറുവിരൽനിവൃത്ത കൊണ്ടളന്ന മുളം വ്യാമഃ ബാഹ്വൊഃ സകരയൊഃ തതയൊഃ തിൎയ്യഗന്തരം ഒരു മാറളവ ഊൎദ്ധ്വവിസ്തൃതദൊഃ പാണിനൃമാനെ പൌരുഷം ത്രിഷു ഒരാൾ കൈകൂപ്പിയതു കണ്ഠഃ ഗളഃ പു-ം നാ മിടർ അഥ ഗ്രീവായാം ശിരൊധിഃ കന്ധരാ ഇത്യപി കഴുത്ത കംബുഗ്രീവാ ത്രിരെഖാ സാ വലിത്രയമുള്ളത അവടുഃ ഘാടാ കൃകാടികാ ന-ം കഴുത്തും തലയും കൂടുന്നെടം വക്ത്രം ആസ്യം വായ വദനം തുണ്ഡം ആനനം ലപനം മുഖം മുഖത്തിന്നുപേർ ക്ലീബെഘ്രാണം ഗന്ധവഹാ ഘൊണാ നാസാ ച നാസികാ ഏ-ം മൂക്കിന്നുപേർ ഓഷ്ഠാധരൌ തു രദനഛദൌ ദശനവാസസീ ഓഷ്ഠം പു-ം അധരസ്യാൽ ചിബുക

കം താടി ഗണ്ഡഃ കപൊലഃ ൨-ം കവിൾ തല്പരാഹനുഃ കവിളുടെമീതെ ടം രദനാഃ ദശനാഃ ദന്താഃ രദാഃ നാ ൪-ം പല്ലിന്നുപെർ താലു തു കാകുദം ൨-ം താലു രസജ്ഞാ രസനാ ജിഹ്വാ നാവ പ്രാന്തൌ ഓഷ്ഠസ്യ സൃക്കണീ ക്ലീ കതവായ്പുറം ലലാടം അളികം ഗൊധിഃ ൩-ം നെറ്റിക്കു പെർ ഊൎദ്ധ്വെ ദൃശ്യാം ഭ്രുവൌ സ്ത്രീയൌ പുരികം ക്രൂച്ചം അസ്ത്രീ ഭ്രുവൊൎമ്മദ്ധ്യം പുരികക്കൂട താരകാ അക്ഷ്ണഃ കനീനികാ കണ്മണി ലൊചനം നയനം നെത്രം ഈക്ഷണം ചക്ഷുഃ അക്ഷി ദൃക് ദൃഷ്ടിഃ ച ൮-ം കണ്ണിന്നുപെർ അശ്രു നെത്രാംബു രൊദനം ച അസ്രം അസ്രു ച ൬-ം ക്ലീ കണ്ണുനീർ അപാംഗൌ നാ നെത്രയൊഃ അന്തൌ കടക്കണ്ണ കടാക്ഷഃ അപാംഗ ദൎശനെ അതുകൊണ്ടുനൊക്കുക കൎണ്ണഃ ശബ്ദഗ്രഹഃ ൨-ം നാ ശ്രൊത്രം ക്ലീ ശ്രുതിഃ സ്ത്രീ ശ്രവണം ശ്രവഃ ൨-ം ക്ലീ ൬-ം ചെവിക്കുപെർ ഉത്തമാംഗം ശിരഃ ശീൎഷം മൂൎദ്ധാ നാ മസ്തകഃ അസ്ത്രീയാം തല ചികുരഃ കുന്തളഃ ബാലഃ കചഃ കെശഃ ശിരൊരുഹഃ ൬-ം നാ തലമയിർ തദ്വൃന്ദെ കൈശികം കൈശ്യം കെശസമൂഹം അളകാഃ ചൂൎണ്ണകുന്തളാഃ കുറുനിരതെ ലലാടെ ഭ്രമരകാഃ നെററിക്കുറുനിര കാകപക്ഷഃ ശിഖണ്ഡകഃ ൨-ം പിറപ്പുമയിർ കബരീ കെശവെശഃ നാ കുഴൽവെച്ച മുടിക്കു അഥ ധമ്മില്ലഃ സംയതാഃ കചാഃ തുരുകികൊണ്ടുമുടിച്ചത ശിഖാ ചൂഡാ കെശപാശീ ൩-ം സ്ത്രീ കുടുമ വ്രതിഃ നഃപ്പാ ജടാ സടാ ൩-ം സ്ത്രീ ജടാ വെണീ പ്രവെണീ ൨-ം സ്ത്രീ ഒരിപ്പിരിമയിർ ശീൎഷണ്യഃ ശിരസ്യഃ ൨-ം നാ വിശദെ കചെ ൨-ം നാ ചിക്കിയ തല പാശഃ പക്ഷഃ ച ഹസ്തഃ ച കലാപാൎത്ഥാഃ കചാൽപരെ കെശപാശഃ കെശപക്ഷഃ കെശഹസ്തഃ ൩-ം നാ സാൎത്ഥവാചികൾഅത്രെ തനൂരുഹം രൊമ ക്ലീ മെൽമയിർ ലൊമ തദ്വൃദ്ധൌ നീണ്ടമയിർ ശ്മശ്രു ക്ലീ പുമുഖെ പുരുഷന്റെ മുഖത്തെമയിർ ആകല്പഃ വെഷഃ ൨-ം നാ നെപഥ്യ പ്രതികൎമ്മ പ്രസാധനം ൨-ം ക്ലീ അലംകാരം ദശഏതെത്രിക്കു അലങ്കൎത്താദി രൊചിഷ്ണ്വാന്താത്ര ത്രിലിംഗാഃ അലങ്കൎത്താ അലങ്കരിഷ്ണുഃ അലംകരണശീലൻ മണ്ഡനഃ പ്രസാധിതഃ അലംകൃതഃ ച ഭൂഷിതഃ ച പരിഷ്കൃതഃ കൃതാലംകാരഃ അലങ്കരിക്കപ്പെട്ടവൻ ബിഭ്രാൽ ഭ്രാജിഷ്ണുഃ രൊചിഷ്ണുഃ ൩-ം നാ ശൊഭയുള്ളവൻ ഭൂഷാ തു സ്യാൽ അലംക്രിയാ ൨-ം സ്ത്രീ ആഭരണംകൊണ്ടലങ്കരിക്ക അലങ്കാരഃ നാ തു ആഭരണം ക്ലീ പരിഷ്കാരഃ നാ വിഭൂഷണം മണ്ഡനം ച ൨-ം ക്ലീ ൫-ം സാമാന്യമാഭരണം അഥ മകുടം ക്ലീ കിരീടം പുന്നപുംസകം ൨-ം മുടി ചൂഡാമണിഃ നാ ശിരൊരത്നെ മുടിച്ചൂഡാമണി തരളഃ ഹാരമദ്ധ്യഗഃ നായകക്കല്ല ബാലപാശ്യാ പാരിതഥ്യാ ൨-ം സ്ത്രീ മയിർപ്പടം പത്രപാശ്യാ ലലാടികാ ൨-ം സ്ത്രീ നെററിപ്പട്ടം കൎണ്ണികാ സ്ത്രീ താലപത്രം ക്ലീ സ്യാൽ പൊന്നൊല കുണ്ഡലം കൎണ്ണവെഷ്ടനം ൨-ം ക്ലീ കുണ്ഡലം ഗ്രൈവെയകം ക്ലീ കണ്ഠഭൂഷാ സ്ത്രീ ൨-ം കണ്ഠാഭരണം ലംബനം ക്ലീ സ്യാൽ ലലന്തികാ ൨-ം താവടം സ്വൎണ്ണൈഃ പ്രാലംബികാ സ്ത്രീ പൊന്നുകൊണ്ടുള്ള താവടം അഥ ഉരസ്സൂത്രികാ സ്ത്രീ മൌക്തികൈഃ കൃതാ മുത്തുത്താവടം ഹാരഃ മുക്താവലീ ൨-ം മുത്തുവടം ദെവച്ഛന്ദഃ നാ അസൌ ശതയഷ്ടികാ അത നൂറുചുററുള്ളത ഹാരഭെദാഃ യഷ്ടിഭെദാൽ ഗുച്ഛഃ ഗുച്ഛാൎദ്ധഃ ഗൊസ്തനഃ ൩-ം നാ യാപചിലച്ചുററുകൊണ്ട ഗുച്ഛമെന്ന പെരാകുന്നു അതില്ലാതെച്ചുററുകൊണ്ടത ഗുച്ഛാൎദ്ധം അതിൽ പാതിയുള്ളത ഗൊസ്തനം

അൎദ്ധഹാരഃ മാണവകഃ പ-ം നാ പാതിപൊന്ന പാതിമുത്തുതാൻ രു
ദ്രാക്ഷം താൻകൂടിയത ഏകാവലീ ഏകയഷ്ടികാ പ-ം സ്ത്രീ ഒരു ചുററു
ള്ളത സാ ഏവ നക്ഷത്രമാലാ സ്യാൽ സ്ത്രീ സപ്തവിംശതിമൌക്തികാ
അത ൨൭ മുത്തകോൎത്തത നക്ഷത്രമാല. ആവാപകഃ പാരിഹാൎയ്യഃ
കടകഃ ന-ം നാ വലയഃ അസ്ത്രീയാം ഝ-ം വള കെയൂരം അംഗദം തു
ല്യെ ക്ലീ തൊൾവള അംഗുലീയകം ക്ലീ ഊൎമ്മികാ സ്ത്രീ മൊതിരം.
സാക്ഷരാ അംഗുലിമുദ്രാ സാ പ-ം സ്ത്രീ ഇലച്ചന എന്നുള്ളഭാഷ കങ്ക
ണം കരഭൂഷണം പ-ം ക്ലീ കൈവള സ്ത്രീകട്യാം മെഖലാ കാഞ്ചി
സപ്തകീ രശനാ സ്ത്രീയാം ക്ലീബെ സാരസനം ച സ്ത്രീകളുടെ ഉട
ഞാൺ അഥ പുംസ്കട്യാം ശൃംഖലം ത്രിഷു പുരുഷന്റെ ഉടഞാൺ
പാദാംഗദം ക്ലീ തുലാകൊടഃ സ്ത്രീ മഞ്ജീരഃ നാ നൂപുരഃ അസ്ത്രീയാം
ഝ-ം കാൽചിലമ്പ. ഹംസകഃ പാദകടകഃ നാ പ-ം കാൽവള കിം
കിണീക്ഷുദ്രഘണ്ടികാ കിംകിണി തൊക ഫലം കൃമി രൊമ ക്ലീ വസ്ത്ര
യൊനിഃ ത-ഗാദി ഝ-ം വസ്ത്രത്തിന്റെ ഉപാദാനകാരണം ദശ ത്രി
ഷു വാല്ക്കാദിമഹാധനാന്താ സ്ത്രീലിംഗാഃ വാല്കം ക്ഷൌമാദികം മര
ത്തൊലി നൂൽകൊണ്ടു ചമച്ചു നെയ്തത ഫാലം തു കാൎപ്പാസം ബാദ
രം ച തൽ പരുത്തികൊണ്ടു നൂൽ ചമച്ചുനെയ്തത കൌശെയം കൃ
മികൊശൊത്ഥം പുഴുക്കൂട്ടിലെ നൂൽകൊണ്ടു നെയ്തത തെവാങ്കുഉട
ങ്ങിയുള്ളവ രാംകവം മൃഗരൊമജം ചംപടം തുടങ്ങിയുള്ളവ. അ
നാഹതം നിഷ്പ്രവാണി തന്ത്രകം ച നവാംബരെ തറിയിൽനിന്ന
പ്പൊഴെ മുറിച്ചപുടവ തൽ സ്യാൽ ഉൽഗമനീയം യൽ ധൌതയൊഃ വ
സ്ത്രയൊഃ യുഗം കഴുകിയ എണപ്പുടവ ഉടുപ്പാനും ഉത്തരീയത്തിന്നും. പ
ത്രൊൎണ്ണം ധൌതകൌശെയം കഴുകിയ പട്ടുപുടവ ബഹുമൂല്യം മഹാധ
നം വെലികപ്പണംപൊറത ക്ഷൌമം ദുകൂലം സ്യാൽ വെൺപട്ടു ദ്വെ
തുന വീതം പ്രാവൃതംത്രിഷു ചുററുന്നപുടവ. സ്ത്രീയാം ബഹുത്വെ വസ്ത്ര
സ്യ ദശാഃ സ്യുഃ വൎത്തയഃ ദ്വയൊഃ പുടവകര ദൈൎഘ്യം ആയാമഃ ആ
നാഹഃ ന-ം നീളത്തിന്നുപെർ പരിണാഹഃ വിശാലതാ പ-ം അകലം
പടച്ചരം ജീൎണ്ണവസ്ത്രം പ-ം പഴെതുണി സമൌ നക്തകഃ കൎപ്പടഃ പ-ം
നാ വസ്ത്രം ആച്ഛാദനം വാസഃ ചെലം വസനം അംശുകം ന-ം ക്ലീ വ-ം
സാമാന്യം പുടവ സുചെലകഃ പടഃ അസ്ത്രീ സ്യാൽ ചെലവരാസിഃ
സ്ഥൂലശാടകഃ പ-ം പരുപ്പുടവ നിചൊളഃ പ്രച്ഛദപടഃ പ-ം നാ മുഴ
ക്കുപ്പായം സമൌ രല്ലകഃ കംബളഃ കമ്പിളി. അന്തരീയം ഉപസംവ്യാ
നം പരിധാനം അധൊംശുകെ ഝ-ം ഉടുക്കുന്നപുടവ ദ്വൌ പ്രവാരഃ
ഉത്തരാസംഗഃ സമൌ പ-ം നാ ബൃഹതികാ തഥാ സ്ത്രീ സംവ്യാനം ഉത്ത
രീയം ച ൫-ം മെൽപുടവ ചൊളഃ നാ കൂൎപ്പാസകഃ അസ്ത്രീയാം കു
പ്പായം നീശാരഃ നാ തു പ്രാവരണെ ക്ലീ ഹിമാനിലനിവാരണെ
പച്ചവടം. അൎദ്ധൊരുകം വരസ്ത്രീണാം സ്യാൽ ചണ്ഡാതകം ക്ലീ
അംശുകം പട്ടുകൊണ്ടു ചമച്ച പുടവ സ്യാൽ ത്രിഷു ആപ്രപദീനം ത
ൽ പ്രാപ്നൊതി ആപ്രപദം ഹി യൽ പുറവടിയൊളംതാണകുപ്പായം.
അസ്ത്രീ വിതാനം ഉല്ലൊചഃ പ-ം നാ മെൽകട്ടി ദൂഷ്യാദ്യം വസ്ത്ര
വെശ്മനി കൂറകുടിഞ്ഞിൽ ആദിശബ്ദാൽ സ്ഥൂലാദി പ്രതിസീരാ യ
വനികാ സ്യാൽ തിരസ്കരണീ ഇതി ച ന-ം സ്ത്രീ തിരതുടങ്ങിയത. പ്ര
തികൎമ്മ അംഗസംസ്കാരഃ പ-ം നാ സാമാന്യം ശരീരശൊധനം

സ്യാൽ മാൎഷ്ടിഃ മാൎജ്ജനാ മൃജാ ൩-ം സ്ത്രീ ശരീരം തുടെപ്പാൻ പൃട
വതുടങ്ങിയുള്ളത ഉദ്വൎത്തനം ഉത്സാദനം ൨-ം ക്ലീ ദ്വെ ക്ലീബെ മെയ്പി
ട്ടിക്ക അഥ ആപ്ലാവഃ ആപ്ലവഃ സ്നാനം ൩-ം കുളിക്ക ചൎച്ചാ തു ചൎച്ചിക്യം
സ്ഥാസകഃ ൩-ം വിരൽകൊണ്ടു കുറിയിടുക അഥ പ്രബൊധനം അ
നുബൊധഃ ൨-ം പൂശുക പത്രലെഖാ പത്രാംഗുലിഃ ഇമെസ്ത്രീയൌ പത്തി
ക്കീറ്റ തലാമപത്രം തിലകം ചിത്രകം വിശെഷകം ൪-ം തൊട്ടുകുറി. ദ്വി
തീയം ച തുരീയം ച ന സ്ത്രീയാം അഥ കുങ്കുമം കശ്മീരജന്മ അഗ്നി
ശിഖം വരം ബാല്ഹീകം പീതനം രക്തം സംകൊചപിശുനം ധീരം
ലൊഹിതചന്ദനം ൰-ം ക്ലീ കുങ്കുമത്തിന്നുപെർ. ലാക്ഷാ രാക്ഷാ
ജതു ക്ലീബെ ൩-ം അരക്ക യാവഃ അലക്തഃ ദ്രുമാമയഃ ചെമ്പഞ്ഞി ല
വങ്ഗം ദെവകുസുമം ശ്രീസംജ്ഞം ൩-ം ക്ലീ ഇലവങ്ഗപ്പൂ അഥ ജാവകം
കാളെയകം ച കാളാനുസാൎയ്യം ച ചൊവ്വള്ളിക്കൊടി അഥ സമാൎത്ഥകം
വംശികം അഗരു രാജാൎഹം ലൊഹം കൃമിജം ജൊംഗകം ൬-ം ക്ലീ അകി
ൽ. കാളാഗുരു അഗുരു സ്യാൽ തൽ കാരകിൽ മംഗല്യം മല്ലി ഗന്ധിയൽ
ക്ലീ മല്ലപ്പൂ നാറിയകിൽ യക്ഷധൂപഃ സൎജ്ജരസഃ അരാളഃ സൎവ്വരസഃ അ
പി ബഹുരൂപഃ അപി ൫-ം ചെഞ്ചല്യം. അഥ വൃകധൂപഃ കൃത്രിമധൂപകഃ
തുരുഷ്കഃ പിണ്ഡകഃ സിഹ്ലഃ യാവനഃ അപി നാ കുന്തുരുക്കം അഥ പായസഃ
ശ്രീവാസഃ വൃകധൂപഃ അപി ശ്രീവെഷ്ടഃ സരളദ്രവഃ നാ തിരുവട്ടപ്പശമൃ
ഗനാഭിഃ മൃഗമദഃ കസ്തൂരീ ച കസ്തൂരി അഥ കൊലകം തക്കൊലകം കൊശ
ഫലം തക്കൊലപ്പുട്ടിൽ അഥ കൎപ്പൂരം അസ്ത്രീയാം ഘനസാരഃ ചന്ദ്രസം
ജ്ഞഃ സിതാഭ്രഃ ഹിമവാലുകാ സ്ത്രീ ൫ ം നാ കൎപ്പൂരത്തിന്റെ പെർ. ഗന്ധസാ
രഃ മലയജഃ ഭദ്രശ്രീഃ ചന്ദനഃ അസ്ത്രീയാം ചന്ദനം തൈലപൎണ്ണികം
ഗൊശീൎഷം ഹരിചന്ദനം അസ്ത്രീയാം ചെഞ്ചന്ദനം. തിലപൎണ്ണീ തു പ
ത്രാംഗം രഞ്ജനം രക്തചന്ദനം കുചന്ദനം ച ൫-ം രക്തചന്ദനം അ
ഥ ജാതികൊശം ജാതിഫലം സമെ ൨-ം ജാതിക്ക. കൎപ്പൂരാഗരുകസ്തൂരീ
തക്കൊലൈഃ യക്ഷകൎദ്ദമഃ കൎപ്പൂരാദി ൪-ം കൂട്ടിചമെച്ച ചാന്ത ഗാത്രാ
നുലെപനീ വൎത്തിഃ ൨-ം സ്ത്രീ മെൽ പൂശുവാൻ ചമെച്ച ഗുളിക വൎണ്ണ
കഃ അസ്ത്രീ വിലെപനം വിലെപനദ്രവ്യത്തിന്റെ പെർ. ചൂൎണ്ണാനി
വാസയൊഗാഃ സ്യുഃ സുഗന്ധദ്രവ്യങ്ങളെക്കൊണ്ടു ഗന്ധംകൊള്ളുത്തുവാൻ
ചമെക്കുന്ന ചൂൎണ്ണം ഭാവിതം വാസിതം ത്രിഷു ഗന്ധംകൊള്ളുത്തപ്പെട്ടത
സംസ്കാരഃ ഗന്ധമാല്യാദ്യൈഃ യൽ സ്യാൽ തൽ അധിവാസനം ഗന്ധം
കൊള്ളുത്തുക. മാല്യം ക്ലീ മാലാ സ്രക് ൨-ം സ്ത്രീ മൂൎദ്ധ്നി ൩-ം സാമാന്യ
മാല കെശമദ്ധ്യെ തു ഗൎഭകം തലയിൽനടുവിൽചൂടുന്നമാലാ പ്രഭ്രഷ്ടകം
ശിഖാലംബി ൨-ം തലയിൽപിന്നൽചൂടുന്നമാലാ പുരൊന്യസ്തം ലലാ
മകം തലയിൽമുന്നിലെമാലാ. പ്രാലംബം ഋജുലംബി സ്യാൽ കണ്ഠാൽ
തൊൽമാല വൈകക്ഷ്യകം തു തൽ യൽ തിൎയ്യക് ക്ഷിപ്തം ഉരസി പൂ
ണൂനൂൽപരിച ഇട്ടമാല ശിഖാസ്വ ആപീഡഃ ശെഖരഃ ശിരൊലംകാരം.
രചനാ സ്യാൽ പരിസ്പന്ദഃ ചമെപ്പ ആഭൊഗഃ പരിപൂൎണ്ണതാ നിറവ
ഉപധാനം തു ഉപബൎഹം ൨-ം തലയിണ ശയ്യായാം ശയനീയവൽ
ശയനം ൩-ം കിടക്ക മഞ്ചഃ പൎയ്യംകഃ പല്യംകഃ ഖട്വയാസമാഃ കട്ടിൽ
ഗണ്ഡുകഃ കന്ദുകഃ ൨-ം നിലവെളക്ക ദീപഃ പ്രദീപഃ ൨-ം വിളക്ക പീ
ഠം ആസനം ൨-ം പലെക. സമുൽഗകഃ സമ്പുടകഃ ൨-ം ചെപ്പ പ്രതിഗ്രാ
ഹഃ പതൽഗ്രഹഃ ൨-ം വളൎവട്ടെക പ്രസാധനീ. കംകതികാ ൨-ം

ചിഷ്ട പിഷ്ടാതകഃ പടവാസകഃ ൨-ം വെട്ടകം. ദൎപ്പണെ മുകുരഃ ആദൎശഃ ൩-ം കണ്ണാടി വ്യജനം താലവൃന്തകം ൨-ം ആലവട്ടം.

ബ്രഹ്മവൎഗ്ഗഃ

സന്തതിഃ സ്ത്രീ ഗൊത്രം ജനനം കുലം ന-ം ക്ലീ അഭിജനഃ അന്വയഃ വംശഃ അന്വവായഃ സന്താനഃ ൭-ം നാ ൯-ം വംശത്തിന്റെ പെർ വൎണ്ണാഃ സ്യുഃ ബ്രാഹ്മണാദയഃ വിപ്രക്ഷത്രിയവിൾശൂദ്രാഃ ചാതുൎവ്വൎണ്യം ഇതിസ്മൃതം നാനാവൎണ്ണവും രാജവംശ്യാഃ രാജബീജീ ൎരാജവംശത്തിലുള്ളവൻ ബീജ്യഃ തു കുലസംഭവഃ മഹാകുലഃ കുലീനഃ ആൎയ്യഃ സഭ്യഃ സജ്ജനഃ സാധുഃ ൮-ം നാ അഭിജനമുള്ളവൻ ബ്രഹ്മചാരീ ഗൃഹീ വാനപ്രസ്ഥഃ ഭിക്ഷുഃ ൪-ം നാ ചതുഷ്ടയെ ആശ്രമഃ അസ്ത്രീ ൪-ം ആശ്രമങ്ങൾ ദ്വിജാതിഃ അഗ്രജന്മാ ഭൂദെവഃ ബാഡവഃ വിപ്രഃ ച ബ്രാഹ്മണഃ ൬-ം നാ ബ്രാഹ്മണന്റെ പെർ അസൌ ഷൾകൎമ്മാ നാ യാഗാദിഭിഃ യുതഃ യജനം യാജനം അദ്ധ്യയനം അദ്ധ്യാപനം ദാനം പ്രതിഗ്രഹം ഇവ ൬-ം ഉള്ളവൻ ഷൾകൎമ്മാവ്. വിദ്വാൻ വിപശ്ചിൽ ദൊഷജ്ഞഃ സൻ സുധീഃ കൊവിദഃ ബുധഃ ധീരഃ മനീഷീ ജ്ഞഃ പ്രാജ്ഞഃ സംഖ്യാവാൻ പണ്ഡിതഃ കവിഃ ധീമാൻ സൂരിഃ കൃതീ കൃഷ്ടിഃ ലബ്ധവൎണ്ണഃ വിചക്ഷണഃ ദൂരദൎശീ ദീൎഘദൎശീ ൨൨-ം അറിവുള്ളവന്റെ പെർ ശ്രൊത്രിയഃ ഛാന്ദസഃ സമൌ ഓത്തുചൊല്ലാമവൻ. ഉപാദ്ധ്യായഃ അദ്ധ്യാപകഃ സ്യാൽ ൨-ം നാ ഓതിക്കൊൻ ഏകദെശന്തു വെദസ്യ വെദാംഗാന്യപിവാപുനഃ യൊദ്ധ്യാപയതിവൃത്ത്യൎത്ഥ മുപാദ്ധ്യായസ്സഉച്യതെ അഥ സ്യാൽ നിഷെകാദികൃൽ ഗുരുഃ ഗൎഭാധാനം തുടങ്ങിയുള്ളക്രിയ ചെയ്യുന്നവൻ. മന്ത്രവ്യാഖ്യാകൃൽ ആചാൎയ്യഃ ൨-ം ഗായത്ര്യാദിമന്ത്രങ്ങളെയും വെദാൎത്ഥങ്ങളെയും ബൊധിപ്പിക്കുന്നവൻ. ആദെഷ്ടാ തു അദ്ധ്വരെവ്രതീ യഷ്ടാ ച യജമാനഃ ച യജിക്കുന്നവൻ സഃ സൊമവതി ദീക്ഷിതഃ സൊമയാഗം ചെയ്യുന്നവൻ ഇജ്യാശീലഃ യായജൂകഃ യജ്ഞം ചെയ്കശീലൻ യജ്വാ തു വിധിനാ ഇഷ്ടവാൻ അട്ടത്തവണ്ണമയജിച്ചവൻ. സഃ ഗീഷ്പതീഷ്ട്യാ സ്ഥപതിഃ ബ്രഹസ്പതി യജ്ഞത്തെ ചെയ്തവൻ സൊമപീഥീ തു സൊമപാഃ സൊമപാനം ചെയ്യുന്നവൻ സൎവ്വവെദാഃ സഃ ഏന ഇഷ്ടഃ യാഗഃ സൎവ്വസ്വദക്ഷിണഃ വിശ്വജിത്തുചെയ്യുവൻ. അനൂചാനഃ പ്രവചനെ സാംഗെ അധീതീ സാംഗമായിവെദത്തെപഠിച്ചവൻ ഗുരൊഃ തു യഃ ലബ്ധാനുജ്ഞഃ സമാവൃത്തഃ സമാവൎത്തനംചെയ്യുവൻ സുത്വാ തു അഭിഷവെ കൃതെ സൊമംപിഴിഞ്ഞാലുള്ളവൻ. ഛാത്രഃ അന്തെവാസീ ശിഷ്യഃ ൩-ം നാ ശിഷ്യന്റെ പെർ ശൈക്ഷാഃ പ്രാഥമകല്പികാഃ ൨-ം നാ മുഖ്യവിധി ചെയ്യുന്നവൻ ഏകബ്രഹ്മവ്രതാചാരാഃ മിഥഃ സബ്രഹ്മചാരിണഃ ൨-ം നാ ഉപനയനാദികൾ ചെയ്യുവൻ. സതീൎത്ഥ്യാഃ തു ഏകഗുരവഃ ൨-ം നാ ഒരുത്തനെ ഗുരുവായുള്ളവൻ ചിതവാൻ അഗ്നിം അഗ്നിചിൽ അക്കിത്തിരി പാരംപൎയ്യൊപദെശഃ സ്യാൽ നാ ഐതിഹ്യം ക്ലീ ഇതിഹ അവ്യയം ൨-ം പഴഞ്ചൊല്ല. ഉപജ്ഞാ സ്ത്രീ ജ്ഞാനം ആദ്യം സ്യാൽ പ്രഥമജ്ഞാനം ജ്ഞാത്വാ ആരംഭഃ ഉപക്രമഃ നാ അറിഞ്ഞിട്ടു തുടങ്ങുക യജ്ഞഃ സവഃ അദ്ധ്വരഃ യാഗഃ സപ്തതന്തുഃ മഖഃ ക്രതുഃ ൭-ം നാ സാമാന്യം യജ്ഞത്തിന്റെ പെർ. പാഠഃ ബ്രഹ്മയജ്ഞം ഹൊമഃ

ച നാ ദെവയജ്ഞം അതിഥീനാം സപൎയ്യാ സ്ത്രീ ന-ം മനുഷ്യയജ്ഞം തൎപ്പണം ക്ലീ ഉ-ം പിതൃയജ്ഞം ബലിഃ നാ ഇ-ം ഭൂതയജ്ഞം ഏതെ പഞ്ചമഹായജ്ഞാഃ ബ്രഹ്മയജ്ഞാദിനാമകാഃ സമജ്യാ പരിഷൽ ഗൊഷ്ഠീ സഭാ സമിതിഃ സംസൽ ൬-ം സ്ത്രീ സഭയുടെപെർ ആസ്ഥാനീ ക്ലീബെ ആസ്ഥാനം സ്ത്രീനപുംസകയൊഃ സദഃ ന-ം സഭയിലെജനമിരിക്കുന്നെടം. പ്രാഗ്വംശഃ നാ പ്രാക് ഹവിൎഗ്ഗെഹാൽ ഹവിൎഗ്ഗെഹത്തിന്ന കിഴക്കെടം സദസ്യാഃ വിധിദൎശിനഃ സഭാസദഃ സഭാസ്താരാഃ സഭ്യാഃ സാമാജികാഃ ച തെ ൬-ം നാ പ്രാശ്നികന്മാൎക്കുപെർ. അദ്ധ്വൎയ്യുഃ ഉൽഗാതാ ഹൊതാ യജുസ്സാമൎഗ്വിദഃ ക്രമാൽ അദ്ധ്വൎയ്യുഃ യജുൎവ്വെദവിൽ ഉൽഗാതാ സാമവെദവിൽ ഹൊതാ ഋഗ്വെദവിൽ ആഗ്നിധ്രാദ്യാഃ ധനൈഃ വാൎയ്യാഃ ഋത്വിജഃ യാജകാഃ ച തെ വ-ം നാ ൩-ം ആഗ്നിധ്രാദികൾ. വെദിഃ സ്ത്രീ പരിഷ്കൃതാഭൂമിഃ ഗാൎഹപത്യത്തിന്റെയും ആഹവനീയത്തിന്റെയും നടുവെകുഴിച്ച പുല്ലുവിരിച്ചുവെദി സമെ സ്ഥണ്ഡിലം ചത്വരം ചതുരശ്രഭൂമിമെഴുക്കൽ ചഷാലഃ യൂപകടകഃ വ-ം നാ യൂപത്തിന്മെലെവള കുംബാ സുഗഹനാ വൃതിഃ സ്ത്രീ യാഗശാലയുടെച്ചുറ്റും മറെക്കുന്നത. യൂപാഗ്രം തൎമ്മ യൂപത്തിന്റെ അഗ്രം നിൎമ്മന്ഥ്യദാരുണി തു അരണിഃ ദ്വയൊഃ അരണി ദക്ഷിണാഗ്നിഃ ഗാൎഹപത്യഃ ആഹവനീയഃ ത്രയഃ അഗ്നയഃ ന-ം അഗ്നികൾ അഗ്നിത്രയം ഇദംത്രെതാ അഗ്നികൾ ന-ം കൂടിയത പ്രണീതഃ സംസ്കൃതഃ അനലഃ ന-ം നാ വിഹരിച്ച അഗ്നി സമൂഹ്യഃ പരിചായ്യഃ ഉപചായ്യഃ ന-ം നാ അഗ്നൌ പ്രയൊഗിണഃ ഇഷ്ടക കൊണ്ടു പടുക്കുമെടത്തെ ഭെദം യഃ ഗാൎഹപത്യാൽ ആനീയ ദക്ഷിണാഗ്നിഃ പ്രണീയതെ തസ്മിൻ അനായ്യഃ നാ പടിഞ്ഞാറെതിൽനിന്ന തെക്കെതിലിട്ട അഗ്നി അഥ ആഗ്നായീസ്വാഹാ ച ഹുതഭുൿപ്രിയാ ന-ം സ്ത്രീ അഗ്നിയുടെ ഭാൎയ്യ. ഋൿ സാമിധെനീ ധാൎയ്യാ ച യാ സ്യാൽ അഗ്നിസമിന്ധനെ ഇഷ്ടിയിൽ ചമത ഇടുംപൊൾ ചൊല്ലുന്നഋക്കുകൾ ഗായത്രീപ്രമുഖഛന്ദഃ ക്ലീ ഗായത്രിതുടങ്ങിയുള്ളവ ഹവ്യപാകെ ചരുഃ പുമാൻ ന-ം അവിസ്സവെക്കുന്നത. ആമിക്ഷാ സാ ശൃതൊഷ്ണെ യാ ക്ഷീരെ സ്യാൽ ദധിയൊഗതഃ കാച്ചിയ പാലിൽ തയിർകൂട്ടിയാലുള്ളവസ്തു ധവിത്രം വ്യജനം തൽ യൽ രചിതം മൃഗചൎമ്മണാ തൊൽകൊണ്ടുചമച്ച വീജനസാധനം. പൃഷദാജ്യം ക്ലീ സദധ്യാജ്യെ തൈരുംനെയ്യും കൂടിയുള്ളത പരമാന്നം തു പായസം വ-ം പാച്ചൊറ ഹവ്യം ദെവാന്നം കവ്യം പിത്ര്യാന്നം വ-ം ക്ലീ ദൈവപിത്ര്യ അന്നെ പാത്രംസ്രുവാദികം ക്ലീ സ്രുവംജുഹൂതുടങ്ങിയുള്ളത. ധ്രുവഃ ഉപഭൃൽ ജുഹൂഃ നാ തു സ്രുവഃ ഭെദാഃ സ്രുചഃ സ്ത്രിയഃ വങ്കത കൊണ്ടുചമെച്ചത ഉപഭൃൽ പലാശുകൊണ്ടു ചമച്ചത ധ്രുവാ അരയാൽ കൊണ്ടുചമെച്ചത ജുഹൂഃ ന-ം സ്ത്രീ കരിങ്ങാലികൊണ്ടുള്ളത സ്രുവഃ ഉപാകൃതഃ പശുഃ അസൌ യഃ അഭിമന്ത്ര്യ ഹതഃ ക്രതൌ പൂരിക്കുന്ന ആട. പരംപരാകം ശമനം പ്രൊക്ഷണം ച വധാൎത്ഥകം ആടകൊൽക വാച്യലിംഗാഃ പ്രമീതഃ ഉപസംപന്നഃ പ്രൊക്ഷിതഃ ഹതെ കൊന്ന ആട്ടിന്റെപെർ സാന്നായ്യം ഹവിഃ പാലുംതൈരും കൂടിയ അഗ്നൌ തു ഹുതം ത്രിഷു വഷൾകൃതം ഹൊമിച്ചത ദീക്ഷാന്തഃ അവഭൃഥഃ യജ്ഞെ യജ്ഞത്തിന്റെ അവസാനം തൽകൎമ്മാൎഹം തു യജ്ഞിയം യജ്ഞത്തിന്ന യൊഗ്യമായുള്ളത ത്രിഷു അഥ ക്രതുകൎമ്മ ഇഷ്ടം യാഗാദിക്രിയ പൂൎത്തം

ശ്രാദ്ധാദികൎമ്മണി കിണ്ടാ കുളം എന്നിവ കഴിപ്പിക്ക അമൃതം വിഘസഃ യജ്ഞശേഷഭോജനശേഷയോഃ യജ്ഞശേഷം അമൃതം യജ്ഞത്തിങ്കൽശേഷിപ്പിച്ചത ഭോജനശേഷം വിഘസം ഊട്ടിൽ ശേഷിച്ചത. ത്യാഗഃ നാ വിഹാപിതം ദാനം ഉത്സൎജ്ജനം വിസൎജ്ജനം വിശ്രാണനം വിതരണം സ്പൎശനം പ്രതിപാദനം. പ്രാദേശനം നിൎവ്വപണം അപവൎജ്ജനം ൧൨-ം ക്ലീ അംഹതിഃ സ്ത്രീ ൧൩-ം ദാനം മൃതാൎത്ഥം തദപൈതദാനം ത്രിഷ്വൌൎദ്ധ്വദൈഹികം ഉദകക്രിയയും ദശാഹബലിയും പിണ്ഡവും. പിതൃദാനം ക്ലീ നിവാപഃ നാ സ്യാൽ ൨-ം പിതൃപൂജ ശ്രാദ്ധം ക്ലീ തൽകൎമ്മ ശാസ്ത്രതഃ അൎഘ്യവും പാണിഹോമാദിയും കൂടി ചെയ്യുന്നത അന്വാഹാൎയ്യം ക്ലീ മാസികെ പാൎവ്വണാദി അംശഃ അഷ്ടമഃ അഹ്നഃ കുതപഃ അസ്ത്രിയാം ൧൫ നാഴികയും കഴിഞ്ഞാൽ പിന്നെ ൨ നാഴികയും കുതപം. പൎയ്യേഷണാ പരീഷ്ടിഃ ച അന്വേഷണാ ച ഗവേഷണാ സ്ത്രീ ൪-ം യോഗ്യരെ അന്വെഷിക്ക സനിഃ തു അധ്യേഷണാ ൨-ം സ്ത്രീ കണ്ടാൽക്ഷണിക്ക യാച്ഞാ അഭിശസ്തിഃ യാചനാ അൎത്ഥനാ ४-ം സ്ത്രീ പൊറെണമെന്നിരക്ക. ഷൾ തു ത്രിഷു അൎഘ്യം അൎഘാൎത്ഥെ പാദ്യം പാദാൎത്ഥവാരിണി അൎഘഃ പൂജാ തദൎത്ഥംജലപുഷ്പാദിദ്രവ്യം അൎഘ്യം ക്രമാൽ ആതിത്ഥ്യം ആതിഥെയം അതിഥ്യൎത്ഥെ അത്ര സാധുനി അതിഥിപൂജക്കുള്ളവസ്തു. സ്യുഃ ആവെശികഃ ആഗന്തുഃ അതിഥിഃ നാ ഗൃഹാഗതെ അപൂൎവിയായബ്രാഹ്മണൻ പൂജാ നമസ്യാ അപചിതിഃ സപൎയ്യാ അൎച്ചാ അൎഹണാ സമാഃ ൬-ം സ്ത്രീ പൂജാ. വരിവസ്യാ തു ശുശ്രൂഷാ പരിചൎയ്യാ അപി ഉപാസനാ ४-ം ശുശ്രൂഷിക്ക വ്രജ്യാ അടാട്യാ പൎയ്യടനം ൩-ം നടക്ക ചൎയ്യാ തു ഈൎയ്യാ അപഥസ്ഥിതിഃ ധൎമ്മാൎഗ്ഗത്തിങ്കലെസ്ഥതി. ഉപസ്പൎശഃ തു ആചമനം ൨-ം ആചമിക്ക അഥ മൌനം അഭാഷണം ൨-ം ക്ലീ ഉരിയാടാഴ്ക ആനുപൂൎവ്വീ സ്ത്രീയെ വാ ആവൃൽ പരിവാടിഃ അനുക്രമഃ. പൎയ്യായഃ ച ൫-ം ക്രമമുള്ളത അതിപാതഃ തു സ്യാൽ പൎയ്യയഃ ഉപാത്യയഃ ൩-ം ക്രമമില്ലാത്തത നിയമഃ വ്രതം അസ്ത്രീ തൽ ച ഉപവാസാദിപുണ്യകം തപസ്സ ഔപവസ്ത്രം തു ഉപവാസഃ ഒരുനാൾനൊൽക്ക വിവെകഃ പൃഥഗാത്മതാ അഹംകാരരാഹിത്യം സ്യാൽ ബ്രഹ്മവൎച്ചസം വൃത്താദ്ധ്യയനൎദ്ധിഃ ആചാര വെദാഭ്യാസങ്ങൾ കൊണ്ടുള്ള തെജസ്സ അഥ അഞ്ജലിഃ പാഠെ ബ്രഹ്മാഞ്ജലിഃ അട്ടകം പിടിക്ക പാഠെ വിപ്രുഷഃ ബ്രഹ്മവിന്ദവഃ ഓത്തുചെല്ലുമ്പൊൾ ദുപ്പുന്തെറിക്കുന്നത ധ്യാനയൊഗാസനെ ബ്രഹ്മാസനം ധ്യാനാസനം സ്വാസ്ഥികക്രൎമ്മപത്മാദികൾ കല്പെവിധിഃ ക്രമഃ ക്രതുക്രിയാക്കൢപ്തി. മുഖ്യഃ സ്യാൽ പ്രഥമഃ കല്പഃ സൎവ്വാംഗയുക്തമായുള്ളകൎമ്മം അനുകല്പഃ തു തതഃ അധമഃ കതിപയാംഗയുക്തമായുള്ളത സംസ്കാരപൂൎവ്വം ഗ്രഹണം സ്യാൽ ഉപാകരണം ശ്രുതെഃ ഒത്തു തുടങ്ങുവാനുള്ളകൎമ്മം. സമെ തു പാദഗ്രഹണം അഭിവാദനം ഇതി ഉഭെ അഭിവാദ്യംചെയ്ക ഭിക്ഷുഃ പരിവ്രാൾ കൎമ്മന്ദീ പാരാശരീ അപി മസ്കരീ ൫-ം സന്ന്യാസി. തപസ്വീ താപസഃ പാരികാംക്ഷീ തപസ്സുചെയ്യുന്നവൻ വാചംയമഃ മുനിഃ ൨-ം നാ മൌനി തപഃക്ലെശസഹഃ ദാന്തഃ ൨-ം നാ ഖേദങ്ങളെസഹിക്കുന്നവൻ വൎണ്ണിനഃ ബ്രഹ്മ ചാരിണഃ ൨-ം നാ പ്രഥമാശ്രമികൾ. ഋഷയഃ സത്യവചസഃ ൨-ം നാ അമൊഘവാക്കുകൾ സ്നാതകഃ തു ആപ്ലുതഃ വ്രതീ ൩-ം നാ ഗ്രഹസ്ഥൻ യെ നിൎജ്ജിതെന്ദ്രിയഗ്രാമാഃ യമിനഃ യതയഃ ച

ത്തെ പു-ം നാ യോഗികൾ. യഃ സ്ഥണ്ഡിലെ വ്രതവശാൽ ശേതെ സ്ഥണ്ഡിലശായീ അസൌസ്ഥാണ്ഡിലഃ ച പു-ം നാ മെഴക്കലിൽകിടക്ക വ്രതമായുള്ളവൻ അഥ വിരജസ്തമസഃ സ്യുഃ ദ്വയാതിഗാഃ നാ വിഗതരജസഃ വിഗതതമസഃ കെവലംസാത്വികന്മാർ. പവിത്രഃ പ്രയതഃ പൂതഃ ത്രി-ം നാ ശുദ്ധൻ പാഷണ്ഡാഃ സൎവ്വലിംഗിനഃ പു-ം നാ വെദവിരുദ്ധസിദ്ധാന്തികൾ പാലാശഃ ദണ്ഡഃ ആഷാഢഃ വ്രതെ പലാശദണ്ഡഃ രാംഭഃ തു വൈണവഃ മുളദണ്ഡ. അസ്ത്രീ കമണ്ഡലുഃ കുണ്ഡീ സ്ത്രീ പു-ം കിണ്ടി വ്രതിനാം ആസനം വൃസീ സ്ത്രീ പുല്ലുകൊണ്ടു ചമച്ച ആസനം അജിനം ചൎമ്മ പു-ം ക്ലി കൃത്തിഃ സ്ത്രീ തൊൽ ഭൈക്ഷം ഭിക്ഷാകദംബകം ക്ലീ ഭിക്ഷാസമൂഹം. സ്വാദ്ധ്യായഃ സ്യാൽ ജപഃ പു-ം നാ വെദജപം സുത്യാ സ്ത്രീ അഭിഷവഃ നാ സവനം ച സാ സൊമവള്ളിപിഴിക സൎവ്വൈനസാം അപദ്ധ്വംസി ജപ്യം ത്രിഷു അഘമൎഷണം അഘമൎഷണജപം. ദൎശഃ നാ ച പൌൎണ്ണമാസഃ ച യാഗൌ പക്ഷാന്തയൊഃ പൃഥക് അമാവാസ്യാനന്തരം ചെയ്യുന്നത ദൎശേഷ്ടി മറെറത പൌൎണ്ണമാസെഷ്ടി ശരീരസാധനാപെക്ഷം നിത്യം യൽ കൎമ്മ തൽ യമഃ ശരീരമെ സാധനമായുള്ള കൎമ്മം. നിയമഃ തു സഃ യൽ കൎമ്മ നിത്യം ആഗന്തുസാധനം ശരീരമെന്നിയെയുള്ള സാധനങ്ങളെ കൊണ്ടുള്ള ക്രിയ ഉപവീതം യജ്ഞസൂത്രം പ്രൊദ്ധൃതെ ദക്ഷിണെ കരെ വലത്തുടിട്ടപൂണനൂല. പ്രാചീനാവീതം അന്യസ്മിൻ ഇടത്തുടിട്ടപൂണനൂല നിവീതം കണ്ഠലംബിതം തൊൾമെൽക്കൂടാതെ കഴുത്തിൽ ഇട്ടന്ന പൂണനൂൽ അംഗുല്യഗ്രെ ദൈവം തീൎത്ഥം വിരലുടെ അഗ്രംകൊണ്ടുള്ള തൎപ്പണം ദെവതൎപ്പണം സ്വല്പാംഗുല്യൊഃ മൂലെ കായം രണ്ടു ചെറുവിരലുടെയും നടുവെയുള്ളത ഋഷിതൎപ്പണം. മദ്ധ്യെ അംഗുഷ്ഠാംഗുല്യൊഃ പിത്ര്യം ചൂണ്ടോന്നിവിരലുടെയും പെരുവിരലുടെയും നടുവെയുള്ളത പിതൃതൎപ്പണം മൂലെ തു അംഗുഷ്ഠസ്യ ബ്രാഹ്മം പെരുവിരലുടെ ചുവട്ടിലുള്ളത. ബ്രാഹ്മം ജാതിമാത്രൊപജീവീ തു യഃ സ്യാൽ സഃ ബ്രാഹ്മണബ്രുവഃ നാ പാൎപ്പാന്നപെർ. സ്യാൽ ബ്രഹ്മഭൂയം ബ്രഹ്മത്വം ബ്രഹ്മസായുജ്യം ഇത്യപി ന-ം ക്ലി ബ്രഹ്മൻതാനാവു എന്നുള്ളത ദെവഭൂയാദികം തദ്വൽ ദെവത്വം ദെവസായുജ്യം ഇത്യപി ന-ം ദെവനാക കൃഛ്രം സാന്തപനാദികം സാന്തപനം പ്രാജാപത്യാദികം. സന്യാസവതി അനശനെ പുമാൻ പ്രായഃ നിസ്സംഗമെന്നമരണം അനശനം അഥ വീരഹാ നഷ്ടാഗ്നിഃ പു-ം നാ അഗ്നിഹൊത്രം ഉപെക്ഷിച്ചവൻ കുഹനാ ലൊഭാൽ മിഥ്യാ ൟൎയ്യാപഥകല്പനാ കാപട്യം കൊണ്ട വിഴവഴിയെ സാധിക്ക. വ്രാത്യഃ സംസ്കാരഹീനഃ സ്യാൽ നാ ഉപനയനാദിരഹിതം അസ്വാദ്ധ്യായഃ നിരാകൃതിഃ പു-ം നാ ഓതാത്തവൻ ധൎമ്മധ്വജീ ലിംഗവൃത്തിഃ ധാൎമ്മികലക്ഷണധാരിയായുള്ള അധാൎമ്മികൻ അവകീൎണ്ണീ ക്ഷതവ്രതഃ പു-ം നാ ബ്രഹ്മചൎയ്യാശ്രമഭ്രഷ്ടൻ. സുപ്തെ യസ്മിൻ അസ്തം എതി സുപ്തെ യസ്മിൻ ഉദെതി ച അംശുമാൻ അഭിനിൎമ്മുക്തഃ അഭ്യുദിതഃ തൌ യഥാക്രമം ആദിത്യനസ്തമിക്കുമ്പൊഴുറങ്ങുന്നവൻ അഭിനിൎമ്മുക്തൻ ആദിത്യനുദിക്കുമ്പൊഴുറങ്ങുന്നവൻ അഭ്യുദിതൻ പരിവെത്താ അനുജഃ ജ്യെഷ്ഠെ അനൂഢെ ദാരപരിഗ്രഹാൽ ജ്യെഷ്ഠൻവെൾക്കുംമുന്നെ വെട്ടവൻ പരിവെത്താവ പരിവിത്തിഃ നാ തു തജ്ജ്യായാൻ തന്നെക്കാൾമുന്നിലനുജൻ വെട്ട താൻ വെൾക്കാത്ത

ജ്യേഷ്ഠൻ വിവാഹഃ ഉപയമഃ സമൌ. തഥാ പരിണയഃ ഉദ്വാഹഃ ഉപയാമഃ പാണിപീഡനം ൭ ം വെളിക്കപെർ വ്യവായഃ ഗ്രാമ്യധൎമ്മഃ ച യാഭഃ ൬-ം നാ നിധുവനം രതം ൨-ം ക്ലീ ൫-ം രതിക്രീഡ. ത്രിവൎഗ്ഗഃ ധൎമ്മകാമാൎത്ഥൈഃ ചതുൎവ്വൎഗ്ഗഃ സമോക്ഷകൈഃ ധൎമ്മാൎത്ഥകാമങ്ങളും മോക്ഷവും കൂടിയത ചതുൎവ്വൎഗ്ഗം സബലൈഃ തൈഃ ചതുൎഭദ്രം ധൎമ്മാദികൾ ൩-ം ബലവുംകൂടിയത ചതുൎഭദ്രം ജന്യാഃ സ്നിഗ്ദ്ധാഃ വരസ്യ യെ ഭൎത്താവിന്നിഷ്ടരായുള്ളവർ.

ക്ഷത്രിയവൎഗ്ഗഃ

മൂൎദ്ധാഭിഷിക്തഃ രാജന്യഃ ബാഹുജഃ ക്ഷത്രിയഃ വിരാൾ ൫-ം ക്ഷത്രിയജാതി രാജ്ഞി രാൾ പാൎത്ഥിവഃ ക്ഷ്മാഭൃൽ നൃപഃ ഭൂപഃ മഹീക്ഷിൽ നാ ഭൂമിയെപരിപാലിക്കുന്നവൻ. രാജാ തു പ്രണതാശെഷസാമന്തഃ സ്യാൽ അധീശ്വരഃ അയൽനാട്ടുവാഴികൾ വണങ്ങുന്നവൻ ചക്രവൎത്തി സാൎവ്വഭൌമഃ ഭൂമിയെഎല്ലാം താൻ പരിപാലിക്കുന്നവൻ നൃപഃ അന്യഃ മണ്ഡലെശ്വരഃ നാ മാണ്ഡലികൻ. യെന ഇഷ്ടം രാജസൂയെന മണ്ഡലസ്യെശ്വരശ്ച യഃ ശാസ്തി യഃ ച ആജ്ഞയാ രാജ്ഞഃ സഃ സംമ്രാൾ നാ ദ്വാദശമണ്ഡലങ്ങൾക്കമധിപൻ അരിമിത്രമരെൎമ്മിത്രം മിത്രാമിത്രമതഃപരം മിത്രാരിമിത്രമിത്രഞ്ച വിജിഗീഷൊഃ ച മണ്ഡലെ അരെശ്ചവിജിഗീഷൊശ്ചമദ്ധ്യമൊഭൂമ്യനന്തരഃ അനുഗ്രഹെ സംഹതയൊശ്ചൽ സ്തയൊശ്ചവധെപ്രഭുഃ മണ്ഡലാൽബഹിരെതെഷാം ഉദാസീനൊബലാധികഃ അഥ രാജകം. രാജന്യകം ച ൨-ം ക്ലീ നൃപതിക്ഷത്രിയാണാം ഗണെ ക്രമാൽ രാജകം നൃപതിസമൂഹം രാജന്യകം ക്ഷത്രിയസമൂഹം മന്ത്രീ ധീസചിവഃ അമാത്യഃ അമാത്യകൻ അന്യെ കൎമ്മസചിവാഃ തതഃ കൂടിവ്യാവരിക്കുന്നവർ. മഹാമാത്രാഃ നാ പ്രധാനാനി ക്ലീ അതിലെപ്രധാനികൾ പുരൊധാഃ തു പുരൊഹിതഃ ൨-ം നാ പുരൊഹിതൻ ദ്രഷ്ടരി വ്യവഹാരാണാം പ്രാഡ്വിവാകഃ അക്ഷദൎശകഃ ൨-ം നാ സ്മാൎത്തൻ. പ്രതീഹാരെ ദ്വാരപാലഃ ദ്വാസ്ഥഃ ദ്വാസ്ഥിതഃ ദൎശകഃ ൫-ം നാ വാതിൽകാക്കുന്നവൻ രക്ഷിവൎഗ്ഗഃ തു അനീകസ്ഥഃ ൨-ം നാ മെകാപ്പവർ അഥ അദ്ധ്യക്ഷഃ അധികൃതഃ സമൌ അധികാരി. സ്ഥായുകഃ നാ അധികൃതഃ ഗ്രാമെ ഒരുക്കധിപൻ ഗൊപഃ ഗ്രാമെഷു ഭൂരിഷു പലവുക്കധിപൻ ഭൌരികഃ കനകാദ്ധ്യക്ഷഃ പൊന്നിന്നദ്ധ്യക്ഷൻ രൂപ്യാദ്ധ്യക്ഷഃ തു നൈഷ്കികഃ കാച്ചികൊട്ടിയ വെള്ളിക്കും പൊന്നിന്നും അദ്ധ്യക്ഷൻ. അന്തഃപുരെ തു അധികൃതഃ സ്യാൽ അന്തൎവ്വംശികഃ ജനഃ അകത്തെടംരക്ഷിക്കുന്നവൻ സൌവിദല്ലാഃ കഞ്ചുകിനഃ സ്ഥാപത്യാഃ സൌവിദാഃ ച തെ കാഞ്ചുകീയന്മാർ ഷണ്ഡഃ വൎഷവരഃ അന്തഃപുരപാലകൻ തെഷാമധിപതിരന്തൎവ്വംശികഃ തുല്യാഃ സെവകഃ അൎത്ഥീ അനുജീവീ ൩-ം നാ ചെവിപ്പവർ വിഷയാനന്തരഃ രാജാ ശത്രുഃ നാ അയൽവാഴി മിത്രം ക്ലീ അതഃ പരഃ അതിന്റെ അങ്ങെവൻ. ഉദാസീനഃ പരതരഃ നാ ദ്വാദശമണ്ഡലത്തിന്നപ്പുറമെയുള്ളവൻ പാൎഷ്ണിഗ്രാഹഃ നാ തു പൃഷ്ഠതഃ പിന്പുരക്ഷിക്കുന്നവൻ രിപൌ വൈരീ സപത്നഃ അരിഃ ദ്വിഷൽ ദ്വെഷണഃ ദുൎഹൃൽ ദ്വിൾ വിപക്ഷഃ അഹിതഃ അമിത്രഃ ദസ്യുഃ ശാത്രവഃ ശത്രുഃ അഭിഘാതി പരഃ

അരാതിഃ പ്രത്യൎത്ഥീ പരിപന്ഥീ എൻ-ം ശത്രുവിന്റെപെർ. സ്നിഗ്ദ്ധഃ വയസ്യഃ സവയാഃ വയസ്സൊത്തവൻ അഥ മിത്രം സഖാ സുഹൃൽ ബന്ധു സഖ്യം സാപ്തപദീനം സ്യാൽ സഖിയാവു എന്നുള്ളത അനുരൊധഃ അനുവൎത്തനം പിന്നെല്ലാം. യഥാൎഹവൎണ്ണഃ പ്രണിധിഃ അപസൎപ്പഃ ചരഃ സ്പശഃ ചാരഃ ച ഗൂഢപുരുഷഃ ച ഒററാൽ ആപ്തഃ പ്രത്യയിതഃ സമൌ വിശ്വാസമുള്ളവൻ. സാംവത്സരഃ ജ്യൌതിഷികഃ ദൈവജ്ഞഃ ഗണകഃ അപി സ്യുഃ മൌഹൂൎത്തികഃ മൌഹൂൎത്തഃ ജ്ഞാനീ കാൎത്താന്തികഃ അപി ജ്യോതിഷ്ക്കവൻ. താന്ത്രികഃ ജ്ഞാതസിദ്ധാന്തഃ ദൈവാദ്യാഗമജ്ഞൻ സത്രീ ഗൃഹപതിഃ സമൌ യാഗംചെയ്യുവൻ ലിപികാരഃ അക്ഷരചണഃ അക്ഷരചുഞ്ചുഃ ച ലെഖകെ അഴകുതാ എഴുതുന്നവൻ. ലിഖിതാക്ഷരവിന്യാസെ ലിപിഃ ലിബിഃ ഉഭെ സ്ത്രീയൌ എഴുതിയചിത്രവും അക്ഷരവും സ്യാൽ സന്ദെശഹരഃ ദൂതഃ വ-ം മടക്കൊലക്കാരൻ ദൂത്യം തൽഭാവകൎമ്മണൊഃ ദൂതനാവു എന്നുള്ളത അറിയിക്ക. അദ്ധ്വനീനഃ അദ്ധ്വഗഃ അദ്ധ്വന്യഃ പാന്ഥഃ പഥികഃ ഇത്യപി വഴിപൊക്കൻ സ്വാമീ അമാത്യഃ സുഹൃൽ കൊശഃ രാഷ്ട്രം ദുൎഗ്ഗം ബലം ച രാജ്യാംഗാനി ൭-ം രാജ്യാംഗങ്ങൾ പ്രകൃതയഃ പൌരാണാം ശ്രെണയഃ അപി ച പൌരന്മാരുടെക്കൂട്ടവും പ്രകൃതികൾ സന്ധിഃ നാ വിഗ്രഹഃ യാനം ആസനം ദ്വൈധം ന-ം ക്ലീ ആശ്രയഃ നാ ഷൾഗുണാഃ ൬-ം ഗുണങ്ങൾ ശക്തയഃ തിസ്രഃ സ്ത്രീ പ്രഭാവൊത്സാഹമന്ത്രജാഃ ശക്തികൾ ന-ം ക്ഷയഃ നാ സ്ഥാനം ക്ലീ ച വൃദ്ധിഃ ച സ്ത്രീ ത്രിവൎഗ്ഗഃ നാ നീതിവെദിനാം നീതിവെദികളുടെ ത്രിവൎഗ്ഗം. സഃ പ്രതാപഃ പ്രഭാവഃ ച വ-ം നാ യൽ തെജഃ കൊശദണ്ഡജം ക്ലീ അൎത്ഥപുരുഷകാരങ്ങളെക്കൊണ്ടുള്ള തെജസ്സ സാമ ദാനം വ-ം ക്ലീ ഭെദഃ ദണ്ഡഃ വ-ം നാ ഇതി ഉപായചതുഷ്ടയം ഇവ ചതുരുപായങ്ങൾ. സാഹസം ക്ലീ തു ദമഃ ദണ്ഡഃ വ-ം നാ ന-ം ദണ്ഡിപ്പിക്ക സാമ സാന്ത്വം വ-ം ക്ലീ പ്രിയവചനാദി അഥൊ സമൌ ഭെദഃ ഉപജാപഃ ഭെദിക്കം ഉപധാ ധൎമ്മാദ്യൈഃ യൽപരീക്ഷണം ധൎമ്മാൎത്ഥകാമങ്ങളെക്കൊണ്ട അമാത്യപരീക്ഷണം. പഞ്ച ത്രിഷു അഷഡക്ഷീണഃ യഃ തൃതീയാദ്യഗൊചരഃ മൂന്നാമൻതുടങ്ങിയുള്ളവർ അറിയാത്തത വിവിക്തഃ വിജനഃ ഛന്നഃ നിശ്ശലാകഃ ൫-ം ത്രിലിംഗം തഥാ രഹഃ ക്ലീ രഹഃ ച ഉപാംശു ച അലിംഗെ വ-ം അവ്യയം വിജനദെശം രഹസ്യം തത്ഭവെ ത്രിഷു അവിടെഭവിച്ചത സമൌ വിസ്രംഭഃ വിശ്വാസഃ വ-ം തെററം ഭ്രെഷഃ ഭ്രംശഃ വ-ം നാ യഥൊചിതാൽ ഉചിതസ്ഥാനത്തനിന്നവെർപെടുക. അഭ്രെഷഃ ന്യായഃ കല്പഃ തു ന-ം നാ ദെശരൂപം സമഞ്ജസം ഉചിതസ്ഥാനാ ദച്യുതി യുക്തം ക്ലീ ഔപയികം ലഭ്യം ഭജമാനം അഭിനീതവൽ. ന്യായ്യം ച ത്രിഷു ഷൾ ന്യായസഹിതം സംപ്രധാരണാ തു സമൎത്ഥനം വ-ം താൻചൊല്ലിയതിനെ ഉപവാദിക്ക അപവാദഃ തു നിൎദ്ദെശഃ നിദെശഃ ശാസനം ച സഃ ശിഷ്ടിഃ ച ആജ്ഞാ ച ൬-ം ആജ്ഞയ്ക്കുപെർ സംസ്ഥാ തു മൎയ്യാദാ ധാരണാ സ്ഥിതിഃ ൪-ം സ്ത്രീ നിലയ്ക്കുനില്ക്ക ആഗഃ അപരാധഃ മന്തുഃ ച കുററം സമെ തു ഉദ്ദാനം ബന്ധനം കെട്ടുക. ദ്വിപാദ്യഃ ദ്വിഗുണഃ ദണ്ഡഃ ഇരട്ടിദണ്ഡം ഭാഗധെയഃ കരഃ ബലിഃ തിറ ഷൾട്ടാദിദെയം ശുല്കഃ അസ്ത്രീ ചുങ്കം ആദിശബ്ദംകൊണ്ട സ്ത്രീധനവും പ്രാഭൃതം തു പ്രദെ

ശനം. ഉപായനം ഉപഗ്രാഹ്യം ഉപഹാരഃ തഥാ ഉപദാനം കാഴ്ച
ദ്രവ്യം യൌതകാദി തു യൽ ദെയം സുദായഃ ഹരണം ച തൽ താ
യിക്കുററ ആദിശബ്ദംകൊണ്ടു സ്ത്രീധനവും. തൽകാലഃ തു തദാത്വം
സ്യാൽ അപ്പൊഴെക്കാലം സ്ത്രീ ആയതിഃ കാലഃ ഉത്തരഃ മെലിലെക്കാ
ലം സാന്ദൃഷ്ടികം ഫലം സദ്യഃ അപ്പൊഴെഫലമുള്ളത ഉദൎക്കഃ ഫലം
ഉത്തരം മെൽഫലമുള്ളത. അദൃഷ്ടം വഹ്നിതൊയാദി തീയും നീരും കാ
ററുംകൊണ്ടുള്ള ഭയം ദൃഷ്ടം സ്വപരചക്രജം ക്ലീ തന്റെയും പരന്റെ
യും പടകൊണ്ടുള്ള ഭയം മഹീഭുജാം അഹിഭയം ക്ലീ സ്വപക്ഷപ്രഭവം
ഭയം ജ്ഞാതികൾപൊക്കൽ നിന്നുള്ള ഭയം. പ്രക്രിയാ തു അധികാരഃ നാ
സ്യാൽ കാൎയ്യങ്ങളിൽസ്ഥാപിക്ക ചാമരം തു പ്രകീൎണ്ണകം ക്ലീ വെഞ്ചാമ
രം നൃപാസനം തു യൽ ഭദ്രാസനം സാമാന്യം രാജാക്കന്മാരുടെ ആ
സനം സിംഹാസനം ച തൽ ഹൈമം പൊൻകൊണ്ടുള്ളത ഛത്രം തു
ആതപത്രം ക്ലീ ൨-ം കുട രാജ്ഞഃ തു നൃപലക്ഷ്മ തൽ ക്ലീ വെണ്കൊററ
ക്കുട ഭദ്രകുംഭഃ പൂൎണ്ണകുംഭഃ ൨-ം നാ നിറകുടം ഭൃംഗാരഃ നാ കനകാ
ലുകാ സ്ത്രീ പൊങ്കിണ്ടി. നിവെശഃ നാ ശിബിരം ഷണ്ഢ പടനില
ത്ത ഇരിപ്പാൻചമെച്ചകുടിൽ സജ്ജനം ക്ലീ തു ഉപരക്ഷണം പടനി
രത്തുക ഹസ്ത്യശ്വരഥപാദാതം സെനാംഗം സ്യാൽ ചതുൎവ്വിധം ആന
കുതിര തെർ കാലാൾ. ദന്തീ ദന്താവലഃ ഹസ്തീ ദ്വിരദഃ അനെകപഃ
ദ്വിപഃ മതംഗജഃ ഗജഃ നാഗഃ കുഞ്ജരഃ വാരണഃ കരീ ഇഭഃ സ്തം
ബെരമഃ പത്മീ ൧൭-ം നാ ആന യൂഥനാഥഃ തു യൂഥപഃ ൨-ം നാ കൂ
ട്ടനായകൻ മദൊൽകടഃ മദകലഃ മദമുള്ളത കലഭഃ കരിപൊതകഃ
൨-ം നാ ഇളവരിയാന. പ്രഭിന്നഃ ഗൎജ്ജിതഃ മത്തഃ ൩-ം നാ മദിച്ചത
സമൌ ഉദ്വാന്തഃ നിൎമ്മദഃ ൨-ം മദമടങ്ങിയത ഹാസ്തികം ക്ലീ ഗജ
താ സ്ത്രീ വൃന്ദെ ൨-ം ആനക്കൂട്ടം കരിണീ ധെനുകാ വശാ ൩-ം സ്ത്രീ
പിടിയാന. ഗണ്ഡഃ കടഃ ആനയുടെകവിൾതടം മദഃ ദാനം മദജ
ലം വമഥുഃ കരശീകരഃ തുമ്പിക്കൈയിലെനീർ കുംഭൌ തു പിണ്ഡൌ
ശിരസഃ മസ്തകം തയൊഃ മദ്ധ്യെ വിദുഃ പുമാൻ ൨-ം മുഴയുടെ ന
ടുവിലെടം. അവഗ്രഹഃ നാ ലലാടം ക്ലീ സ്യാൽ ൨-ം നെററിത്തടം
ഇരംഷികാ തു അക്ഷികൂടകം പുരികത്തിന്റെ താഴത്തെടം അപാംഗ
ദെശഃ നിൎയ്യാണം കടക്കണ്ണിന്നടുത്തെടം കൎണ്ണമൂലം തു ചൂളികാ ചെ
വിയുടെ ചുവട. അധഃ കുംഭസ്യ വാഹിത്ഥം മസ്തകത്തിന്റെ താഴ
ത്തെടം പ്രതിമാനം അധഃ അസ്യ ച കൊമ്പുരണ്ടിന്റെയും നടുവി
ലെടം ആസനം സ്കന്ധദെശഃ സ്യാൽ കഴുത്തിലിരിക്കുന്നെടം പത്മ
കം വിന്ദുജാലകം പുകരുപൊടിക. പക്ഷഭാഗഃ പാൎശ്വഭാഗഃ വിലാ
വിലെടം ദന്തഭാഗഃ തു യഃ അഗ്രതഃ മുമ്പിലെടം ദ്വൌ പൂൎവ്വപശ്ചാ
ജ്ജംഘാദി ദെശൌ ഗാത്രാപരെക്രമാൽ മുൻകാലിന്റെ മുട്ടിന്നുതാഴ
ത്തെടം ഗാത്രം പിൻകാലിന്റെ മുട്ടിന്നുതാഴത്തെടം അപരം തൊത്രം
വെണുകം വളര ആലാനം ബന്ധസ്തംഭെ കെട്ടുവാനുള്ള മരം അ
ഥ ശൃംഖലെ അന്ദുകഃ നിഗളഃ അസ്ത്രീ സ്യാൽ തുടർ അങ്കുശഃ
അസ്ത്രീ സൃണിഃ ദ്വയൊഃ തൊട്ടി ദൂഷ്യാ കക്ഷ്യാ വരത്രാ സ്യാൽ
കച്ചക്കയറ കല്പനാ സജ്ജനാ സമെ അലംകരിക്ക പ്രവെണീ ആസ്തു
രണം വൎണ്ണഃ പരിസ്തൊമഃ കുഥഃ ദ്വയൊഃ ആനപ്പുറത്ത വിരിക്കുന്ന
ചെമ്പാരിപടം വീതം തു അസാരം ഹസ്ത്യശ്വം ആകാത്തആനയും കു

തിരയം വാരീ തു ഗജബന്ധിനീ ആനക്കുഴി. ഘൊടകെ വീതിഃ തുരഗഃ
തുരംഗഃ അശ്വഃ തുരംഗമഃ വാജീ വാഹഃ അൎവ്വാ ഗന്ധൎവ്വഃ ഹയഃ സൈ
ന്ധവഃ സപ്തിഃ പു-ം കുതിരെക്കുപെർ ആജാനെയാഃ കുലീനാഃ സ്യുഃ
അശ്വഭെദത്തിൽ നല്ലജാതികൾ വിനീതാഃ സാധുവാഹിനഃ ശിക്ഷി
തങ്ങൾ. വനായുജാഃ പാരസീകാഃ കാംബൊജാഃ ബാല്ഹികാഃ ഹയാഃ
നാലുദെശത്തുംജനിച്ചവ യയുഃ അശ്വഃ അശ്വമെധീയഃ അശ്വമെധ
ത്തിന്നുള്ളകുതിര ജവനഃ തു ജവാധികഃ വെഗമുള്ളത പൃഷ്ഠ്യഃ സ്ഥൌ
രീ പു-ം തെരിൽ പൂട്ടിയത സിതഃ കൎക്കഃ രണ്ടും പിൻവെളുത്തത രഥ്യഃ
നാ വൊഢാ രഥസ്യ യഃ തെർ നടത്തുന്നത ബാലഃ കിശൊരഃ പു-ം
നാ കുതിരകിടാവ വാമീ അശ്വാ ബഡവാ ന-ം സ്ത്രീ പെടക്കുതിര
ബാഡവം ക്ലീ ഗണെ പെടക്കൂട്ടം ത്രിഷു ആശ്വീനം യൽ അശ്വെന
ദിനെന എകെന ഗമ്യതെ ഒരുദിവസം കുതിരഓടിച്ചാൽ ചെല്ലുംവ
ഴി കശ്യം തു മദ്ധ്യം ക്ലീ അശ്വാനാം കുതിരയുടെനടുവ ഹെഷാ ഹ്രെ
ഷാ ച പു-ം സ്ത്രീ നിസ്വനഃ നാ ചിറാലിക്കുന്നത. നിഗാളഃ തു ഗെ
ളൊദ്ദെശഃ പു-ം നാ കഴുത്ത വ്വട്ടെളു അശ്വീയം ആശ്വവൽ പു-ം ക്ലീ
കുതിരക്കൂട്ടം ആസ്കന്ദിതം ധൌരിതകം രചിതം വല്ഗിതം പ്ലുതം കൊ
പാദിവപൈസ്സൎവ്വൈരുല്പത്യാൽ പ്ലുത്യയാഗതിഃ ക്രിയതെതുരഗൈ
ൎല്ലൊകെ തദാസ്കന്ദിതമുച്യതെ ധൌരിതന്തുരയാന്നിചൈസ്തുരംഗൈശ്ചാ
ഗതിഃ കൃതാതച്ചകം കശിഖിക്രൊഡന കുലാദിഗതെസ്സമം രചിതം തച
തിഭാരെണ ശീഘ്രം മത്ത്യജ്ജനിശ്ചലം വല്ഗിതം വല്ഗനം പല്ഗിമൃഗവല്ഗ
ഷനംപ്ലുതം ഗതയഃ അമൂഃ പഞ്ച ധാരാഃ സ്ത്രീ അസ്കന്നിതാദികൾക്കുധാ
രാ എന്നുപെരുണ്ട ഘൊണാ തു പ്രൊഥം അസ്ത്രീയാം മൊന്ത കലികാ
സ്ത്രീ തു ഖലീനഃ അസ്ത്രീ പു-ം കടിഞ്ഞാണ ശഫംക്ലീബെ ഖുരഃ പുമാൻ
കുളമ്പ. പുച്ഛ അസ്ത്രീ ലൂമ ലാംഗൂലം പു-ം ക്ലീ ന-ം വാൽ ബാലഹസ്തഃ
തു ബാലധിഃ പു-ം നാ ഉ-ം വാൽക്കൊഴുന്ന ത്രിഷു ഉപാവൃത്തഃ ലുഠിതഃ
പരാവൃത്തെ മുഹുഃ ഭുവി പലഊടെനിലംപിരട്ടിയകുതിര. യാനെ
ചക്രിണി യുദ്ധാൎത്ഥെ ശതാംഗഃ സ്യന്ദനഃ രഥഃ ന-ം നാ യുദ്ധത്തിന്നു
ള്ള തെർ ശക്രവതി യാനെ ശതാംഗാദയസ്ത്രയഃ അസൌ പുഷ്പരഥഃ
നാ ചക്രയാനം ക്ലീ ന സമരായ യൽ യുദ്ധത്തിന്നെന്നിയെഉള്ളതെർ പു
ഷ്പരഥം. കൎണ്ണീരഥഃ നാ പ്രവഹണം ഡയനം ച പു-ം ക്ലീ സമം ത്രയം
രഥഭെദം ക്ലീബെ അനഃ ശകടഃ അസ്ത്രീ സ്യാൽ പു-ം ചാട ഗന്ത്രീ കംബ
ലിബാഹ്യകം ചകടിക. ശിബികാ സ്ത്രീ യാപ്യയാനം ക്ലീ പു-ം തണ്ട
ഡൊളാ പ്രെംഖാദികാ സ്ത്രീയാം ഊഞ്ഞാൽ ആദിശബ്ദെനലഭ്യന്തെഡൊ
ളാ ഫലകാദയഃ ഉഭൌ തു ദ്വൈപഃ വൈയാഘ്രഃ പു-ം നാ ദ്വീപിച
ൎമ്മാവൃതെ രഥെ പുലിത്തൊൽകൊണ്ടുമൂടിയരഥം. പാണ്ഡുകംബലസം
വീതഃ സ്യന്ദനഃ പാണ്ഡുകംബലീ വെളുത്തകംബളികൊണ്ടുമൂടിയതെർ
